# അപായമണിക്ക് ശേഷമുള്ള കാഴ്ചകൾ

**വി.ദിലീപ്**

(എ.പി.പി.നമ്പൂതിരി അനുസ്മരണ ചെറുകഥാമത്സരത്തിൽ രണ്ടാംസ്ഥാനം നേടിയ കഥ)

അവസാനശ്വാസം വിട്ടൊഴിയുന്ന ഒരു കാട്ടുജീവിയുടെ മുരൾച്ചയോടെ പന്ത്രണ്ടാമത്തെ ബോഗിയും പുഴയിൽതാണു. മണ്ണിനെയും വിണ്ണിനെയും നടുക്കി വിറപ്പിച്ച പൊട്ടിത്തെറിയുടെ അലകൾ ബാക്കി നിർത്തിക്കൊണ്ട് ആ പടുകൂറ്റൻ തീവണ്ടി പുഴയിലേക്ക് കൂപ്പുകുത്തിയപ്പോൾ വെള്ളത്തിലേക്കു ചാഞ്ഞ ശീമക്കൊന്നയിൽ നിന്നും പറന്നുയർന്ന പരുന്ത് അന്തരീക്ഷത്തിൽ ചുറ്റിക്കറങ്ങാൻ തുടങ്ങി.

അപായത്തിന്റെ കൂട്ടമണിയായിരുന്നു പിന്നെ മുഴങ്ങിയത്.

അലറിവിളിച്ചുകൊണ്ട് ആളുകൾ പരക്കം പായുകയാണ്. പൊട്ടിത്തെറിയുടെ ഞെട്ടലിൽ നിന്നും ശരിക്കും മുക്തരാകാൻ കഴിയാത്ത പരിസരവാസികൾ സ്വപ്നത്തിലെന്നവണ്ണം ദുരന്തസ്ഥലത്തേക്ക് ഓടിയടുക്കാൻ തുടങ്ങി...

കരയിൽ നിന്ന് ഒരു തെമ്മാടിച്ചെറുക്കൻ കൂവി വിളിക്കുന്നുണ്ടായിരുന്നു.

ബോഗികൾ തല്ലിത്തകർത്ത്, ബർത്തുകമ്പികളിൽ കുരുങ്ങിക്കിടന്നവരെ വലിച്ചെടുക്കാൻ ശ്രമിച്ചപ്പോഴേക്കും നിലയില്ലാക്കയത്തിന്റെ അഗാധതകളിലേക്ക് പിടിവള്ളി നഷ്ടപ്പെട്ട ആ കമ്പാർട്ട്മെന്റ് അപ്പാടെ....

വിലാപങ്ങൾ അവസാനമില്ലാതെ ഒഴുകുകയായി.

ആർത്തനാദങ്ങൾക്കിടയിലൂടെ ബഹളമയമായ പ്രദേശത്തിന്റെ അസ്ഥികളെ മരവിപ്പിച്ചുകൊണ്ടെത്തിയ കാറ്റിന്റെ ഇരമ്പത്തോടൊപ്പം ചോരയുടെയും പച്ചമാംസത്തിന്റെയും മണം!

നീരൊഴുക്കില്ലാത്തിടത്തുപെട്ട ഒതളങ്ങപോലെ ചുവന്നലേയ്സിട്ടു കെട്ടിയ ഒരു കൊച്ചുഷൂസ് ജലനിരപ്പിൽ വന്നു വട്ടംചുറ്റിനിന്നു.

തന്റെ അച്ഛനെയുമന്വേഷിച്ച് പരിഭ്രാന്തി നിറഞ്ഞ മുഖഭാവത്തോടെ വിയർപ്പിൽ കുളിച്ച് ഓടിനടന്ന മനുഷ്യനെക്കുറിച്ചായിരുന്നു മേജർ അപ്പോൾ ആലോചിച്ചുകൊണ്ടിരുന്നത്.

അപ്പോൾ മുട്ടോളം വെള്ളത്തിൽ ഇറങ്ങിനിന്ന് കൈകളുയർത്തി, കുഴഞ്ഞശബ്ദത്തിൽ എന്തൊക്കെയോ വിളിച്ചുപറയുന്ന ഒരാളെ മേജർ കണ്ടു. രണ്ടുമൂന്നുപേർ പുഴയിലേക്കിറങ്ങിച്ചെന്ന് അയാളെ പിടിച്ചു മാറ്റിയപ്പോൾ മുഖത്ത് ഒരു വിളറിയ ചിരിവരുത്തിക്കൊണ്ട് ആ മനുഷ്യൻ ചില നിർദ്ദേശങ്ങൾ നല്കാൻ തുടങ്ങി :

'അതിനപ്പുറം നോക്കണം. ആഴമുണ്ടെങ്കിലും മറ്റു ബോഗികളിൽ തട്ടി ഉയർന്നു നില്ക്കാൻ സാധ്യതയുണ്ട്.'

'നിങ്ങൾ വിശ്രമിക്കൂ.'

മേജർ അയാളുടെ ചുമലിൽ കൈതട്ടി പതുക്കെ സാന്ത്വനപ്പെടുത്തുകയാണ്. അപ്പോൾ അയാൾ തനിക്കു കുഴപ്പമൊന്നുമില്ലെന്നു കാണിക്കാൻ ശ്രമിച്ചുകൊണ്ട് പോക്കറ്റിൽ നിന്നും ഒരു സിഗരറ്റ് പാക്കറ്റെടുത്തു പൊളിച്ചു.

'ലൈറ്റർ, പ്ലീസ്'

തീപ്പെട്ടി കൊടുക്കുമ്പോൾ അയാളുടെ കണ്ണുകളിൽ ഭയമോ, പരിഭ്രാന്തിയോ എന്തോ ഒന്ന് വിങ്ങി നില്ക്കുന്നത് മേജർ ശ്രദ്ധിച്ചു. അപ്പോൾ അയാൾ നിസ്സംഗതയോടെ എന്തൊക്കെയോ പിറുപിറുത്തു കൊണ്ട് ചുറ്റും നോക്കാൻ തുടങ്ങി. പിന്നെ, മേജറുടെ ദൃഷ്ടികളുമായി ഉടക്കിയപ്പോൾ മുഖത്ത് നിസ്സാരഭാവം വരുത്തി.

'നിങ്ങൾ ആരാണ്?'

മേജർ ചോദിച്ചു.

ശ്വാസം മുട്ടിക്കൊണ്ട് അയാൾ പറഞ്ഞു. 'എന്റെ..എന്റെ ഭാര്യയും മോളും....'

പിന്നെ അയാൾക്ക് നിയന്ത്രിക്കാനായില്ല. വിതുമ്പിക്കൊണ്ട് അയാൾ സംസാരിക്കാൻതുടങ്ങി.

'റേഡിയോവിൽ വാർത്തകേട്ടപ്പോൾ ഞാൻ പ്രാർത്ഥിക്കുകയായിരുന്നു... അത് ഈ വണ്ടിയായിരിക്കരുതേ എന്ന്.. പക്ഷേ..പക്ഷേ.'

പെട്ടെന്ന് മേജറുടെ ചുമലിൽ തലചായ്ച്, അയാൾ കൊച്ചുകുഞ്ഞിനെപ്പോലെ ഏങ്ങിക്കരഞ്ഞു. ബിസിനസ്സിന്റെ തിരക്കുകൾക്കിടയിൽ ഇത്തിരി സമയം ലഭിച്ചപ്പോൾ കുടുംബവുമൊത്ത് ചെലവഴിച്ച സന്ധ്യാസമയമായിരുന്നു അയാളുടെ മനസ്സിൽ കനലായി എരിഞ്ഞുകൊണ്ടിരുന്നത്.

ഫ്ളാറ്റിലെ ചുടുകാറ്റിന്റെ പുഴുക്കുത്തിൽ വിയർത്തൊലിച്ചു കൊണ്ട് ഭാര്യ പറഞ്ഞു ! 'നമുക്ക് എന്റെ വീട്ടിലോട്ടു പോകാം.'

അയാൾക്കത് ഓർമ്മയുണ്ട്. സിഗരറ്റ് പുകകൊണ്ട് വളയങ്ങൾ നിർമ്മിച്ചത്. നേർത്തചിരിയോടെ അയാൾ പറയുകയായിരുന്നു.

'വേണമെങ്കിൽ ഒരാഴ്ച നീ താമസിച്ചുകൊള്ളൂ. എനിക്ക് ഒരു ബിസിനസ്സ് ടൂറുണ്ട്.'

വേദനയുടെ ഒരു ഭാവം അവളുടെ മുഖത്തുകണ്ടപ്പോൾ അയാൾ കാര്യകാരണസഹിതം വിവരിക്കുകയായിരുന്നു.

"നോക്കൂ, ഇത്തരം കാര്യങ്ങളിൽ ശാഠ്യം പിടിച്ചുകൂടാ. നമ്മൾ പ്രായോഗികമായി ചിന്തിക്കണം. നാളെ എന്തെങ്കിലും വേണമെങ്കിൽ ഇന്നുതന്നെ ശ്രമിച്ചാലേ നടക്കൂ."

അയാൾ അല്പനേരം കൂടി അവളോട് ഇങ്ങനെ ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. അല്പനേരം. അതു കഴിഞ്ഞ് ഉടനെ അയാൾ ഇറങ്ങി.

"അന്ന് മോളുണ്ടായിട്ടില്ല സാർ.., ഞാൻ ഇതുവരെ എന്റെ മോളെ കൊതിതീരുവോളം ഒന്നോമനിച്ചിട്ടില്ല സാർ...."

വിങ്ങിപ്പൊട്ടിയ ആ മനുഷ്യനെ അണച്ചുപിടിച്ച് മേജർ ദൈവത്തോടു പ്രാർത്ഥിച്ചു. "ഈശ്വരാ, സർവ്വശക്തനായ നീ ഇയാളോടു കരുണ കാട്ടണമേ..."

അപ്പോൾ സ്വന്തം ഭാര്യയും കുഞ്ഞുമായിരുന്നു മേജറുടെ മനസ്സിൽ. അവരോടൊത്ത് സ്നേഹം പങ്കുവെയ്ക്കാൻ പലപ്പോഴും തിരക്ക് അനുവദിക്കാറില്ല. കുഞ്ഞിനെ ഇനിയെന്നാണ് കാണുക?

പെട്ടെന്നു മേജർ പതുക്കെ മന്ത്രിച്ചു. 'ഒന്നും വരില്ല... ആർക്കും ഒന്നും വരില്ല.. സമാധാനിക്ക്..'

അനേകം കൊച്ചു തോണികൾ ദൂരെ തിരച്ചിൽ നടത്തുകയാണ്. മേജർ അവരിലൊരുവനെ ഉറക്കെ വിളിച്ചു.

"കൊച്ചുമൂപ്പാ.. ഇവിടെ.. ഇവിടെയൊന്നു നോക്കൂ."

എൺപത് കഴിഞ്ഞെന്നു തോന്നിയ ആ വൃദ്ധൻ ധൃതിയിൽ തുഴഞ്ഞുവന്ന് ഏതാണ്ടുതാണു തുടങ്ങുന്ന കമ്പാർട്ടുമെന്റ് ഇടം കൈകൊണ്ട് പിടിച്ചുയർത്താൻ ശ്രമിക്കുകയാണ്. അപ്പോൾ അയാളുടെ ചെറുവള്ളമുലഞ്ഞു.

"ക്രെയിൻ വേണമെന്നു തോന്നുന്നു."

-അപ്പോൾ കൊച്ചുമൂപ്പൻ തുഴക്കോൽ കൊണ്ട് അതിനുള്ളിൽ നിന്നും എന്തോ ഒരു വസ്തു ഉയർത്തിയെടുത്തു.

നനഞ്ഞു കുതിർന്ന ഒരു സ്ക്കൂൾബാഗ്! അതവിടെതന്നെയിട്ട് തോണി തുഴഞ്ഞ് അയാൾ മറ്റെവിടേക്കോ നീങ്ങി.

"രണ്ടര...മൂന്ന് മണിയായിക്കാണം... ഒരു വലിയ പൊട്ടിത്തെറിയാണ് ആദ്യം കേട്ടത്. ഇടയ്ക്കിടക്ക് ഉരുൾപൊട്ടലുണ്ടാകാറുള്ള സ്ഥലമായതുകൊണ്ട് ഞങ്ങൾ ചിലതെല്ലാം വിചാരിച്ചു.. പിന്നെ മനുഷേന്മാരാണ് നെലേലാളിക്കുന്നതെന്നുതോന്നി. ജനവാതില് തൊറന്നപ്പോ ആളുകളൊക്കെതെറിച്ചു പൊഴേല് വീഴാണ്... പിന്നെ നോക്കുമ്പോ കാണുന്നത് തീവണ്ടി പാലത്തിൽ നിന്നു കൂത്തനെ വീഴുന്നതാണ്..."

പരിസരപ്രദേശത്തുള്ള ഏതോ വൃദ്ധൻ താൻ കണ്ടത് ഉറക്കെ വിവരിക്കുകയായിരുന്നു.

ആമ്പുലൻസുകളും കാറുകളുമൊക്കെ ചീറിപ്പാഞ്ഞെത്തിത്തുടങ്ങുന്നുണ്ട്. പത്രക്കാരും ഫോട്ടോഗ്രാഫർമാരും വെള്ളത്തിൽ പകുതിമുങ്ങിക്കിടക്കുന്ന ബോഗികൾക്കു മുകളിലൂടെ ചാടിനടക്കുന്നു. നേരം നന്നായിട്ടു വെളുത്തു തുടങ്ങിയിട്ടില്ല....

മലമുകളിൽ നിന്നു ചൂട്ടുകൾ മിന്നുന്നുണ്ടായിരുന്നു. മേജർ ശ്രദ്ധിച്ചു. അവർ വെളിച്ചവുമായി ഓടിവരികയാണ്. ആദിവാസികളാണ്. മലയ്ക്ക് അപ്പുറം കാടാണെന്നു തോന്നുന്നു അവർ കൂട്ടം കൂട്ടമായി എത്തുകയാണ്. രക്ഷയ്ക്കു വേണ്ടി കൈകൾ ഉയർത്തി അലറിക്കരഞ്ഞ മധ്യവയസ്കയായ ഒരു സ്ത്രീയെ ആരൊക്കെയോ ചേർന്ന് വലിച്ചെടുക്കുന്നതു കാണാമായിരുന്നു. അവരുടെ ഒരു കാൽ നഷ്ടപ്പെട്ടിരുന്നു...

മേജർ ഒരു സിഗരറ്റിനു തീപിടിപ്പിച്ചു. അപ്പോൾ നേരത്തെ കണ്ട മനുഷ്യൻ ഓടിപ്പാഞ്ഞു നടക്കുകയാണ്. അലറിക്കരയുന്നുണ്ട്. അതുവരെയും സ്വയം നിയന്ത്രിച്ചിരുന്ന അയാൾ എല്ലാ നാണക്കേടുകളും മറന്ന് വിലപിക്കുന്നതു കണ്ടപ്പോൾ മേജർക്ക് വേദനതോന്നി. അദ്ദേഹം പതുക്കെ അയാളുടെ അടുത്തുചെന്നു.

ഇടയ്ക്ക് മൂന്നു നാലു ബോട്ടുകാർ എത്തിച്ച അമ്പതോളം ശരീരങ്ങൾ നിലത്തുചൊരിഞ്ഞിട്ടുണ്ട്. അവയിലോരോന്നിലേക്കു തുറിച്ചുനോക്കി നടന്ന ആ മനുഷ്യനെ മേജർ വിളിച്ചു.

"നിങ്ങൾ മനോധൈര്യം കൈവിടരുത്."

മേജർ അയാൾക്കു ധൈര്യം പകരാൻ ശ്രമിച്ചു. ഇടയ്ക്ക് എന്തെങ്കിലും തരത്തിൽ വിവരം ലഭിച്ചാൽ അറിയിക്കാൻ വേണ്ടി അയാളുടെ പേരും അഡ്രസ്സും കടലാസിൽ കുറിച്ചെടുത്തു. 'കെ.ജി. നായർ എറണാകുളം സ്വദേശം',

ദുരന്തത്തിന്റെ തീമഴചൊരിഞ്ഞ പ്രദേശം അപ്പോൾ കാർമേഘങ്ങളാൽ മൂടുകയും ചെയ്തു. നിലവിളികളും ശബ്ദകോലാഹലങ്ങളും കൊണ്ട് പരിസരം പ്രകമ്പനം കൊണ്ടു. വിറങ്ങലിച്ചു നിന്ന ഒരു തെങ്ങിൽ നിന്ന് കരിയോല അടർന്ന് പുഴവെള്ളത്തിൽ വീണു.

പുഴയിലൂടെ ശരീരാവശിഷ്ടങ്ങൾ ചിന്നിച്ചിതറി നീങ്ങുകയാണ്. കാക്കക്കൂട്ടം വട്ടമിട്ടു പറക്കുന്നു. മേജറുടെ കാൽച്ചുവട്ടിലും ചോരയിൽ കുതിർന്ന ഒരു ജഡം കിടക്കുന്നുണ്ട്. കഴുത്ത് ഒടിഞ്ഞിരിക്കുന്നു.

തലച്ചോറു പെരുക്കുന്നതുപോലെ

ടെന്റു കെട്ടിയ തൂണിൽ മേജർ ചാരിനിന്നു അദ്ദേഹത്തിനു മുമ്പിൽ ആ തീവണ്ടി അവ്യക്തതയോടെ ചലിക്കാൻ തുടങ്ങി. ഭൂമിയുടെ ഞരമ്പുകളെ വിറപ്പിച്ചുകൊണ്ട് തീപുക തുപ്പിപാഞ്ഞ വണ്ടി കഷ്ണം കഷ്ണമായി മുറിഞ്ഞ് ഒടിഞ്ഞ്...

രക്ഷാപ്രവർത്തനങ്ങളിൽ സഹകരിച്ചുകൊണ്ട് പാഞ്ഞു നടന്ന കുട്ട്യാലി എന്നയാൾ ഒരു ശവശരീരം വലിച്ചുകൊണ്ടുവന്നു. മുറിവും ചതവുമുള്ള ആ ജഡത്തിന്റെ കണ്ണുകൾ......

കുട്ട്യാലി കുനിഞ്ഞ് എന്തോ, പ്രവർത്തിയിലേർപ്പെടുകയാണ്. അയാൾ ജഡത്തിന്റെ കഴുത്തിൽ നിന്നും മാല അഴിച്ചെടുക്കുന്നതു കണ്ടപ്പോൾ ഒരു നിമിഷം അദ്ദേഹം അങ്ങനെ തന്നെ നിന്നുപോയി അപ്പോൾ കുട്ട്യാലി ആത്മനിന്ദയോടെ ചിരിച്ചു. 'ങ്ങളൊന്നും വിചാരിക്കരുത്....'

ഇപ്പോൾ ആമ്പുലൻസുകളിലേക്കു പകരുന്നത് ജീവന്റെ ഇത്തിരി ശേഷിച്ച ശരീരങ്ങളാണ്.

പെട്ടന്നാണ് ജലോപരിതലത്തിൽ വളയിട്ട ഒരു കൈ ഉയർന്നത്. മേജർ ഓടിച്ചെന്നു വലിച്ചു പൊക്കി. ഒരു സ്ത്രീയുടെ വിറുങ്ങലിച്ച ശരീരം!

'ഹോയ്...ഹോയ്'

മേജർ ഉറക്കെ വിളിച്ചു. ദൂരെ പുഴയുടെ മദ്ധ്യേ ബോഗികൾക്കു ള്ളിലേക്കു തലയിട്ടു നോക്കി മുന്നോട്ടു നീങ്ങുന്ന ആ മനുഷ്യൻ ഒടുവിൽ വിളികേട്ടു.

'കെ.ജി.നായർ. ഒന്നിവിടം വരെ.'

അയാൾ ധൃതിയിൽ തപ്പിപ്പിടഞ്ഞുവന്നു.

ജഡത്തിനരികൾ മുട്ടുകുത്തിയിരുന്ന് അയാൾ തുറിച്ചുനോക്കാൻ തുടങ്ങി. പിന്നെ ആരോടും ഒന്നും പറയാതെ നടന്നുനീങ്ങി.

പൊടിപടലങ്ങളുയർത്തിക്കൊണ്ടു പാഞ്ഞെത്തിയ വെളുത്ത ഫിയറ്റിൽ നിന്നും ഇറങ്ങിയ മനുഷ്യൻ ആകെ അസ്വസ്ഥനായിരുന്നു. മേജറുടെയരികിൽ അയാൾ ഓടിയെത്തി.

'സാർ...എന്റെ അച്ഛൻ ഈ വണ്ടിയിലായിരുന്നു...പക്ഷേ അച്ഛൻ എവിടെ സാർ?'

നിരനിരയായി കിടത്തിയ ശരീരങ്ങളിലേക്കു യാന്ത്രികമായി മേജർ വിരൽചൂണ്ടി. ആ മനുഷ്യൻ ധൃതിയിൽ അങ്ങോട്ടോടി.

ആ കൂട്ടത്തിലുള്ള ഒരു ശരീരത്തിന് മേൽ കമിഴ്ന്നു വീണ് പെട്ടെന്ന് അയാൾ പൊട്ടിക്കരഞ്ഞു.

മേജറുടെ കൈതലസ്പർശമുണ്ടായപ്പോൾ വിറയ്ക്കുന്ന ശബ്ദത്തിൽ അയാൾ പറയാൻ തുടങ്ങി.

'എന്റെ.. എന്റെ അച്ഛനാണ്.. എന്റെ അച്ഛനാണി കിടക്കുന്നത്.. നിങ്ങൾ നോക്കൂ.. എന്റെ ... എന്റെ അച്ഛൻ...'

ഇരുകൈകൾകൊണ്ടും തലയിലിടിച്ചു കൊണ്ട് ആ മനുഷ്യൻ തേങ്ങി.

'എന്നെ ഒരിക്കലും ബുദ്ധിമുട്ടിക്കരുതെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. 'അത്താണി'യിലേക്കു താമസം മാറ്റുമ്പോൾ അച്ഛനെന്നോടു പറഞ്ഞത്...'

പിതാവിനെ വൃദ്ധസദനത്തിലേക്കു ട്രെയ്ൻ കയറ്റിവിട്ട മകന്റെ ദുഃഖം വലിയ അളവിൽ തന്നെ മേജർ അറിയുന്നുണ്ടായിരുന്നു.

പെട്ടന്നാണ് മഴക്കാറുമൂടി ആകാശം കറുത്തു തുടങ്ങിയത്. മഴ പൊട്ടിച്ചിതറുകയായിരുന്നു.

നനഞ്ഞൊലിച്ചു കൊണ്ട് ആളുകൾ പരക്കം പായുന്നു. പലരും പരസ്പരം കൂട്ടിമുട്ടി മറിഞ്ഞു വീഴുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും നിലവിളി അന്തരീക്ഷത്തെ വിറങ്ങലിപ്പിച്ചു...

കുട്ട്യാലിക്ക ഒരു ചെറുവള്ളത്തിൽ രണ്ടു മൂന്നു ശരീരങ്ങൾ അട്ടിയാക്കിക്കൊണ്ടു വരികയാണ്...

ആൾകൂട്ടത്തെ തിക്കിയകറ്റിക്കൊണ്ട് ഓടിയെത്തിയ കെ.ജി.നായർ എന്ന ആ മനുഷ്യൻ അതിലൊരു ശരീരം തിരിച്ചറിഞ്ഞു.

വിങ്ങിപ്പൊട്ടി കമിഴ്ന്നുകിടന്ന് അയാൾ കൊച്ചുകുട്ടികളെപ്പോലെ തേങ്ങാൻ തുടങ്ങി.

'ഹെന്റെ..ഹെന്റെ മൃദുല..'

മേജർ അയാൾക്കരികെ ഇരുന്നു.

'എല്ലാം വിധിയെന്നു കരുതു. നമുക്ക് മോളെ കൂടി കണ്ടെത്തണ്ടേ....?'

ചുകന്നു കലങ്ങിയ കണ്ണുകളോടെ പെട്ടെന്ന് അയാൾ എഴുന്നേറ്റു.

'എല്ലാവരും എന്നെ തോല്പിച്ചുസാർ... എന്റെ ഭാര്യയും മോളും...പിന്നെ സാറു പറഞ്ഞ വിധിയും...എല്ലാവരും..'

ശ്വാസം മുട്ടിക്കൊണ്ട് അയാൾ മേജറുടെ കൈപിടിച്ചു നെഞ്ചോടു ചേർത്തു.

'എനിക്ക്.. എന്റെ ജീവിതം കൈവിട്ടുപോയി... അല്ലേ സാർ?'

വിദൂരതയിലേക്കു മിഴികൾ നട്ട് ഇരുകൈകളും വീശി ആ മനുഷ്യൻ നടന്നുപോവുന്നത് മേജർ കണ്ടു.

തുടം കൊട്ടിപ്പെയ്യുന്ന മഴയിൽ വൃക്ഷങ്ങൾ ആടിയുലഞ്ഞു. നനഞ്ഞൊലിച്ചുകൊണ്ട് ആളുകൾ അലറിപ്പായുകയാണ്.. സ്ത്രീകളും കുട്ടികളും വഴിയിൽ വീണുരുണ്ടു. പലർക്കും പലരും നഷ്ടപ്പെടുകയായിരുന്നു.

ബന്ധങ്ങളുടെ കെട്ടുവള്ളികളിൽ നിന്നു മുക്തി നേടാനാകാത്ത മനുഷ്യജന്മങ്ങൾ ഉറ്റവരെയും ഉടയവരെയും തേടി അലയുകയാണ്. വേദനാ, നൊമ്പരം.... എല്ലാത്തിനും മീതെ കാലാതിവർത്തിയായി മഴയുടെ സംഗീതം ചെകുത്താന്റെ രാഗങ്ങൾ ആലപിക്കുന്നതുപൊലെ മേജർക്കു തോന്നി. സ്വപ്നങ്ങളും പ്രതീക്ഷകളും പുഴവെള്ളം ഒഴുക്കിക്കൊണ്ടു പോകുമ്പോൾ അവർക്കു ബാക്കിയാകുന്നതെന്ത് ?

കെട്ടുപിണഞ്ഞ കബന്ധം പോലെ ട്രെയിൻ ബോഗികൾ കഷ്ണങ്ങളായി കിടക്കുന്ന കാഴ്ച ഒരു ഇടിമിന്നലിൽ തെളിഞ്ഞു. പുഴയുടെ ഓളങ്ങൾക്കു മീതെ കൂറ്റൻ പെരുമ്പാമ്പു പോലെ അഗാധതകളിലേക്കു മുങ്ങാം കുഴിയിട്ടു കിടക്കുന്ന തീവണ്ടിയിൽ ജീവിതസ്വപ്നങ്ങളുടെ വ്യായാമങ്ങൾ തൊട്ടറിഞ്ഞു മേജർ....

ഉറ്റവരും ഉടയവരുമില്ലാതെ ആർത്തുകരഞ്ഞുകൊണ്ട് ഒരു പിഞ്ചുകുഞ്ഞ് അദ്ദേഹത്തിന്റെ കാലിൽ വന്നു തട്ടിവീഴുകയായിരുന്നു. പെട്ടെന്ന് അദ്ദേഹമവനെ വാരിയെടുത്തു.

ഇവൻ....? എന്നു വിചാരിക്കും മുമ്പെ കുത്തിയൊലിച്ചുവന്ന മഴവെള്ളത്തിൽ മേജറുടെ അടിപതറി.

കുഞ്ഞിനെ അണച്ചു പിടിച്ചുകൊണ്ട് അദ്ദേഹം മഴയിലൂടെ നടന്നു.

ചുഴലിക്കാറ്റിന്റെ ആവേശത്തിൽ ചീറിയടിച്ച പേമാരിയിൽ ആരവങ്ങൾ അമരുന്നുണ്ടായിരുന്നില്ല.

●

# 'ആത്മാക്കളെ തിരയുന്നവർ!'

സജീഷ്. എ.

ഇന്ന് 28-1-1997

ഈ തണുത്ത ഊട്ടിയിലെ റെയിൽവേ സ്റ്റേഷനിൽ വച്ചെന്റെ മദാമ്മ പിരിയുകയാണ്. അവളെ എങ്ങിനെ യാത്രയയ്ക്കണമെന്ന് എനിക്കറിയില്ല. ഇന്നാണെങ്കിൽ എനിക്കവളുടെ മുഖത്ത് നോക്കുമ്പോൾ അനുഭവപ്പെടുന്നത് ഒരു തരം അപകർഷതാബോധമാണ്. ചെയ്യുന്നത് തെറ്റാണോ എന്നെനിക്കറിയില്ല. ഒരു പക്ഷേ, ഈ തണുത്തുറഞ്ഞ റെയിൽവേ പ്ലാറ്റ്ഫോമിന്റെ ഉരുക്കുകാലുകളിലൊന്നിൽ അവളൊടൊപ്പം എനിക്കും അലിഞ്ഞലിഞ്ഞില്ലാതായാൽ മതിയായിരുന്നു.

സേതു പതുക്കെ തന്റെ കമ്പിളി വസ്ത്രത്തിന്റെ കൈഭാഗം ഒന്നു കൂടി മുകളിലേക്ക് തെറുത്തു കയറ്റി. അങ്ങകലെ വിനോദസഞ്ചാരികളെയും കൊണ്ട് ഊട്ടിയിലേക്ക് പോകുന്ന കുതിരവണ്ടിക്കാരൻ എന്തു കൊണ്ടാണെന്നറിയില്ല, അവൻ കണ്ടഭാവം നടിച്ചില്ല.

അതെങ്ങനെ, എന്നും ഈ സേതുവിന് സേതുമാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങിനെയല്ലായിരുന്നുവെങ്കിൽ പെറ്റമ്മ, തന്നെയും അനുജത്തിയെയും ബോംബെയിലെ പുവന്നതെരുവിൽ കൂട്ടമായി ആൺകുട്ടികൾക്ക് വിലപറയുന്ന ഹിജഡകൾക്ക് വിൽക്കില്ലായിരുന്നു.

അപ്പോൾ, അമ്മയുടെ കൺതടത്തിൽ കണ്ണുനീരിന്റെ നനവുണ്ടായിരുന്നില്ല. അവിടെ ഒരുതരം പകയുടെ, വിദ്വേഷത്തിന്റെ തീ ജ്വാലകൾ അത് തന്നെ കൊത്തിവലിക്കുകയായിരുന്നു. അവിടെ നിന്ന് രക്ഷപ്പെടുമ്പോൾ തന്റെ കൈവശമുണ്ടായിരുന്നത് കൈകുഞ്ഞായ അനുജത്തിയും. ഛെ താനെന്തിനാണ് അതെല്ലാം ആലോചിക്കുന്നത്. മുൻപിൽ കൈ നീട്ടിയ അനാഥബാലന്റെ കൈയിലേക്ക് ഒരു രൂപാനാണയം ഇട്ടുകൊണ്ട് സേതു പതുക്കെ പറഞ്ഞു.

അങ്ങകലെ, പാലക്കാട്ടേയ്ക്കുള്ള കണക്ടഡ് വണ്ടിയുടെ ഇരമ്പൽ കേൾക്കുന്നു. മദാമ്മ അങ്ങേ പ്ലാറ്റ്ഫോമിൽ തന്നെയും പ്രതീക്ഷിച്ച് നിൽപ്പുണ്ട്. ഇനിയും അഞ്ച് മിനുറ്റുണ്ട് വണ്ടി വന്ന് പ്ലാറ്റ്ഫോമിൽ നിൽക്കുവാൻ. രാവിലത്തെ വണ്ടിയായതുകൊണ്ടാകണം ആകെ തിരക്കാണ്. പതുക്കെ അയാൾ മദാമ്മയുടെ അരികിലേക്ക് നടന്നു.

അനുജത്തിയെ വിവാഹം ചെയ്തുകൊടുത്ത്, ഭാരം തലയിൽ നിന്നൊഴിഞ്ഞ സമാധാനത്തോടെ കഴിയുമ്പോൾ ഊട്ടി ലേക്കിന്റെ പരിസരത്ത് വച്ച് പരിചയപ്പെട്ടതാണ് ബെറ്റിയെ (മദാമ്മ)

താൻ അവളെ മനഃപൂർവ്വം ഒഴിവാക്കിയിട്ടും അവൾ തന്നിലേക്ക് കൂടുതലായി അടുക്കുകയായിരുന്നു. എന്നെങ്കിലും അവളെ പിരിയേണ്ടി വരും എന്നെനിക്കറിയാം. എങ്കിൽ കുറച്ചാണെങ്കിലും ആ ജീവിതത്തിലുള്ള ആവേശം ഇന്ന് കെട്ടടങ്ങുകയാണ്.

തണുപ്പത്ത് നടന്നതുകൊണ്ടാകണം ബെറ്റിയുടെ മുഖത്തെ പൊടിമീശയിൽ ഈർപ്പം കെട്ടി നിൽക്കുന്നു. കണ്ടതും അവൾ മുഖമുയർത്തി – ഇംഗ്ലണ്ടുകാരിയാണെങ്കിലും നന്നോടൊപ്പം ആറ് മാസം ചിലവഴിച്ചതു കൊണ്ടാകണം അവൾ മലയാളം പറയാൻ പഠിച്ചിരിക്കുന്നു.

മാധവിയേടത്തി എവിടെ? ഞാൻ തലയുയർത്തി നോക്കി.

ഓ: അവൾ എത്തിയില്ല; താൻ മദാമ്മയെ ഇഷ്ടപ്പെടുന്നു എന്നറിഞ്ഞതു മുതൽ തന്റെ 'പട്ടരു' കോളണിയിൽ ഒരു മതവികാരം ഇളക്കി വിടുകയായിരുന്നു തന്റെ അനുജത്തി. ചിത്രകാരനായ തന്റെ വരുമാനം ആ ഇംഗ്ലണ്ടുകാരിക്കെങ്ങാനും കൊടുത്താലോ?

താൻ എന്നും ഒരു കറവയുള്ള ആടായിരുന്നു വീട്ടിൽ.

താൻ സ്നേഹിച്ചവരെല്ലാം തന്നെ പിരിയുകയാണ്. പതുക്കെ 'പട്ടരു കോളണിയിലെ' 'ബാലവ പട്ടർ' തന്റെ നേരെ നോക്കി വിദ്വേഷത്തോടെ പറയുന്നതും താൻ കേട്ടു.

"ഹും, ഒരു ഇംഗ്ലണ്ടുകാരിയുമായി റോന്തു ചുറ്റുന്നു! മാംസവും, മീനും കഴിച്ച് താൻ ഞങ്ങളുടെ കോളണി

യുടെ പേര് നാറ്റിക്കരുത്.

പതുക്കെ സേതു ബെറ്റിയുടെ കൈ ഗ്രഹിച്ചുകൊണ്ട് പറഞ്ഞു "ഇത്രയും കാലം ഞാൻ എന്റെ സ്നേഹം മറ്റുള്ളവർക്കു വേണ്ടി ഹോമിച്ചു. ഇനി അതു വയ്യ. എവിടെയെങ്കിലും ഒന്ന് ഒതുങ്ങികൂടണം! എന്തോ? ദുഃഖം മൂലമാകണം അവളൊന്നും മിണ്ടിയില്ല.

പ്ലാറ്റ്ഫോം കുലക്കുന്ന വേഗതയോടെ ട്രെയിൻ കടന്നുവന്നു. തന്റെ ബെറ്റിക്ക് പോവാതിരിക്കാൻ കഴിയില്ല അവൾ വിസാ കാലാവതി കഴിഞ്ഞിട്ടും ഇവിടെ അനധികൃതമായി താമസിക്കുകയായിരുന്നു.

പതുക്കെ ബെറ്റി തീവണ്ടിയിലേക്ക് കയറി. പതറുന്ന ചുണ്ടുകളോടെ അവൾ പറഞ്ഞു. "ഇനിയെന്ന് കാണുമെന്ന് പറയാനാവില്ല"

ഊറുന്ന കണ്ണീരിൽ സ്നേഹത്തിന്റെ ഊർജ്ജസ്വലത തനിക്ക് ദർശിക്കാൻ കഴിയും.

ഇവിടെ ഇപ്പോൾ താൻ ഒറ്റയ്ക്കാണ്. ആദ്യമെന്നെ മാതാപിതാക്കൾ ചതിച്ചു. പണമേറിയപ്പോൾ അനുജത്തി തന്നെ വഞ്ചിച്ചു. ഇപ്പോൾ സ്നേഹമുള്ള ഒരാൾ കടന്നുപോയിരിക്കുന്നു: അതും സ്വന്തം അനുജത്തിയുടെ പ്രവർത്തനം മൂലും.

സേതു പതുക്കെ പ്ലാറ്റ്ഫോം വിട്ട് റെയിൽ പാതയിലേക്ക് ഇറങ്ങി നടന്നു. അകന്നുപോകുന്ന തീവണ്ടി വിളിയുടെ പശ്ചാത്തലത്തിൽ അയാൾ പതുക്കെ, പതുക്കെ അജന്താ, എല്ലോറാ ഗുഹകൾ ദർശിച്ചു. അതിനുള്ളിൽ നഗ്നരായി നിൽക്കുന്ന മനുഷ്യരൂപങ്ങളെ, പുതുക്കെ ഒരു കറുത്ത നായ തന്റെ പിറകെ ഓടുന്നതായും അവസാനം താൻ ശിലായുഗ മനുഷ്യനെയും കടന്നു പോകുന്നതായും സേതു കണ്ടു. പതുക്കെ പതുക്കെ അയാൾ അന്ധകാരത്തിലേക്ക് ഉയർന്നുയർന്നുപോയി.

കിട്ടാത്ത തന്റെ നക്ഷത്രത്തിനു വേണ്ടി.

●

# ആവർത്തനം

**അജിത്ത് ടി.**

'മഹിജ മറുപടിയൊന്നും പറഞ്ഞില്ല'

പൂഴിമണ്ണിൽ കൈയൂന്നി അയാൾ അവൾക്കുനേരെ തിരിഞ്ഞു.

അവൾ കടലിലേക്ക് നോക്കുകയായിരുന്നു.

സൂര്യൻ കടലിന്റെ അശാന്തിയെ കടുംചുവപ്പിൽ മുക്കുന്നു.

ഇത് അസ്തമയമാണ്

തുടർന്ന് ചന്ദ്രന്റെ ഊഴമാണ്. നറുനിലാവിന്റെ യാമങ്ങൾ

പക്ഷേ ആകാശത്തിനിന്ന് എന്തൊരു ഇരുളിച്ചയാണ്

'മഴ വരുന്നുണ്ടോ" അവൾ ആരോടെന്നില്ലാതെ ചോദിച്ചു.

അയാൾ അവളെ നോക്കി

മിനുമിനുത്ത മുഖത്ത് തെളിയുന്ന സന്ധ്യയുടെ തുടിപ്പുകൾ

"എനിക്കു മനസ്സിലാവുന്നില്ല: നിനക്കെന്തുപറ്റി: നീ തന്നെയല്ലേ ഈ യാത്രപ്ലാൻ ചെയ്തത്'

അയാൾക്കു മുന്നിൽ അവളുടെ മുഖഭാവം തെളിഞ്ഞു. അവൾ കരഞ്ഞേക്കുമെന്ന് അയാൾ ഭയപ്പെട്ടു.

'സർ നാമെന്തോ തെറ്റു ചെയ്യുന്നതു പോലെ'

'മഹീ, വിധിയാണ് നമ്മെയടുപ്പിച്ചത് മറ്റൊന്നും എനിക്ക് പ്രശ്നമല്ല'

അയാൾ അകലങ്ങളിലേക്ക് ദൃഷ്ടിപായിച്ചു.

കടലിൽ ചെറുമീനുകൾ മിന്നിമറയുന്നു.

നാളത്തെ പ്രഭാതത്തിലവ വലക്കാരന്റെ കുണുക്കുകളിലേക്കാവാം.

'എന്തു പറ്റി നിനക്ക്' അയാൾ അവളുടെ കൈവിരലുകൾ തലോടി.

അവൾ അനന്തതയിലേക്കു നോക്കി. സൂര്യൻ താണു കഴിഞ്ഞിരിക്കുന്നു.

'ഞാൻ അംബികേച്ചിയെ കുറിച്ചോർത്തുപോയി'

അയാളുടെ മുഖത്തെ ഇരുളിമ അവൾ ശ്രദ്ധിച്ചില്ല

"അവളും എന്നെപ്പോലെ നിങ്ങളുടെ സ്റ്റുഡന്റ് ആയിരുന്നു...പക്ഷേ'

അവൾ അയാൾക്കുനേരെ തിരിഞ്ഞു

'പക്ഷേ ഇന്നവൾ നിങ്ങളുടെ കുഞ്ഞിന്റെ അമ്മയാണ്. നിങ്ങളുടെ...

'ചീപ്പ് സെന്റിമെന്റ്സ്.... അയാൾ പിറുപിറുത്തു

അവൾ മുഖം കുനിച്ചു

അയാളുടെ മനസ്സിൽ വർഷങ്ങൾക്കു മുമ്പുള്ള ഒരു സന്ധ്യയുടെ ഓർമ്മ തികട്ടിവന്നു.

മനസ്സിന്റെ അശാന്തിയകറ്റാൻ അയാൾ വാക്കുകൾക്കായ് പരതി

"നിനക്കു താല്പര്യമില്ലെങ്കിൽ ......

ഞാനിതു പ്രതീക്ഷിച്ചില്ല മഹീ'

'ഞാൻ പോകുന്നു' അയാളെഴുന്നേറ്റു.

'ഹരീ' അവൾ മണലിൽ കൈയൂന്നി

അയാൾ നടന്നു തുടങ്ങിയിരുന്നു. അവളെഴുന്നേറ്റു

'ഹരി. ബട്ട് സ്റ്റിൽ ഐ ലവ് യൂ ഹരി'

കാറ്റാടി മരങ്ങൾക്കിടയിൽ നിന്ന് ആരൊക്കെയോ അവരെ നോക്കി.

അയാൾ വീണ്ടും അവൾക്കരികിൽ വന്നു. നീണ്ട കൈകൾ കൊണ്ട് അവളുടെ കവിളുകളിൽ തൊട്ടു.

'മഹീ. നമുക്കു മുന്നിൽ നാമേയുള്ളൂ. ചേരുന്ന വേഷങ്ങളേ നാമണിഞ്ഞിട്ടുള്ളൂ."

അവൾ അയാളുടെ മാറിൽ തല ചായ്ച്ചു.

അവർക്കു പിന്നിൽ നഗരം ആലക്തിക പ്രഭയിൽ മുങ്ങികുളിച്ചു നിന്നു. അതിന്റെ ഒരു കോണിൽ സന്ധ്യയുടെ സ്നേഹയാമങ്ങൾ അയവിറക്കികൊണ്ട് പഴയൊരു കാമുകിയുണ്ടായിരുന്നു. അവളുടെ കുഞ്ഞ് അച്ഛന്റെ വരവിന് കാതോർത്തിരുന്നു. അപ്പോൾ രാവിന്റെ നിഗൂഢതകൾക്കു മുകളിൽ അഞ്ചാം പത്തിയായ് ചന്ദ്രനുയർന്നു. ●

# ചേച്ചി

**സുബിത്ത് സി.**

ഒരാഴ്ചയുടെ ആരംഭം ഞായറാഴ്ചയാണെന്നും അവസാനിക്കുന്നത് ശനിയാഴ്ചയാണെന്നുമറിയാത്തതുകൊണ്ടല്ല ഞാൻ ആ ദിവസം ഓർമിക്കാതിരുന്നത്. അതുകൊണ്ട് തന്നെ എനിക്കോർമ്മയില്ലാത്ത ആ ദിവസത്തെ നമുക്ക് ഇന്നലെ എന്നുവിളിക്കാം. അത്തരത്തിലുള്ള ഇന്നലെകളിലെന്നോ ആണ് ഞാനവരെ കണ്ടുമുട്ടിയത്. ഇൻഡ്യൻ കോഫീ ഹൗസിലെ തിരുക്കുകുറഞ്ഞ ആ വൈകുന്നേരത്ത് പതിവുകാപ്പിയും കഴിച്ച് ഞാനും വിഷ്ണുവും എന്തിനെപ്പറ്റിയോ സംസാരിച്ചിരിക്കുകയായിരുന്നു. ദിശാബോധമില്ലാതെ പതിവു സംവാദങ്ങളിലൊന്ന് എന്റെ എതിർവശത്തെ കസേരയിൽ വന്നിരുന്ന അവരെ രണ്ടുപേരേയും ഞാനെന്തുകൊണ്ടോ ശ്രദ്ധിച്ചു. രണ്ടുപേരെ എന്നുപറയുന്നത് ശരിയല്ല അതിലൊരാളെ ഞാൻ ശ്രദ്ധിച്ചു. എന്തോ ഒരു വലിയ ദുഃഖം അവരെ അലട്ടുന്നുണ്ടായിരിക്കണം എന്ന് അവരുടെ മുഖം വിളിച്ചു പറയുന്നു. ഞാനും വിഷ്ണവും അവിടെ നിന്ന് പുറത്തേക്കിറങ്ങി.

'വിഷ്ണൂ, നീ നമുക്കെതിരെയിരുന്നവരെ ശ്രദ്ധിച്ചുവോ'

'ഉം?'

'അതിൽ ഉയരം കൂടിയാ....'

'എന്തേ?'

'ഒന്നുല്യ. അവരെ എനിക്ക് പരിചയപ്പെടണം'

'ഓ, ഒരു പ്രേമം' വിഷ്ണു പരിഹസിച്ചു.

'പ്രേമമല്ലാ, ഞാനവരെ ചേച്ചീന്ന് വിളിക്കാൻ പോവ്വാ' അനന്തതയിലേക്ക് നോക്കി ഞാൻ തുടർന്നു.

ചേച്ചീടെ പേരെന്തായിരിക്കും വിഷ്ണൂ

നിനക്കെന്താ ഭ്രാന്തുണ്ടോ, ഒന്നു മിണ്ടാതിരിക്ക്

കുറേ സമയം രണ്ടു പേരും നിശബ്ദരായിരുന്നു. നിശബ്ദതക്ക് അറുതി വരുത്താൻ ഞാൻ തന്നെ തീരുമാനിച്ചു.

'വിഷ്ണൂ, ഞാനവരെ ഹർഷീന്ന് വിളിച്ചോട്ടെ'

'നിന്റെ ഇഷ്ടം'

'എന്താ നിന്റെ ഇഷ്ടപ്പെട്ട പേര് ഞാൻ കണ്ടെടുത്തതിലുള്ള നിരാശ. അല്ലെങ്കിൽ പേരൊന്നും വേണ്ട, ഞാൻ ചേച്ചീന്നന്നെ വിളിക്കാൻ പോവ്വാ'

അവനെന്നെ പരിഹസിച്ചു ചിരിച്ചിട്ടുണ്ടായിരിക്കണം ഞാനതു ശ്രദ്ധിച്ചില്ലാ എന്നു നടിച്ചു. എന്റെ പതിവു സ്ഥലങ്ങൾ, ബീച്ചിലുള്ള പാറയിടുക്ക്, ഞാൻ എന്നും അവരെ തിരഞ്ഞു.

ദിവസങ്ങൾ ഓർമ്മിച്ചുവെയ്ക്കുന്ന പതിവ് എനിക്കില്ല. എന്റെ പാറയിടുക്കിനരുകിൽ ചേച്ചി ആരെയോ കാത്തുനിൽക്കുന്നത് ഞാൻ കണ്ടു ഞാനങ്ങോട്ട് ഓടി ചെന്നു.

'ചേച്ചീ'

അവർ തിരിഞ്ഞുനോക്കി. എന്നെ നോക്കി പുഞ്ചിരിച്ചു.

'ന്താ, ഇവിടെ നിൽക്കുണത്'

'നിന്നെ കാത്ത്'

ഉത്തരം വളരെപെട്ടന്നായിരുന്നു. എനിക്ക് വാക്കുകളൊന്നും കിട്ടിയില്ല.

'എന്റെ അനിയനേയും കാത്ത്'

'സത്യാണോ ചേച്ചീ'

പിന്നെ ഞങ്ങളൊന്നും സംസാരിച്ചില്ല. ഞാനും ചേച്ചിയും എന്റെ പാറപ്പുറത്തേക്ക് നിങ്ങീ. ഏതോ മുജ്ജന്മത്തിൽ പാപങ്ങൾ പേറാത്ത ഏതോ ഒരു ബന്ധം. വളരെക്കാലം പരിയമുള്ളതുപോലെ ഞങ്ങൾ സംസാരിച്ചു. ചേച്ചീ ഒരു കൊച്ചുകുട്ടിക്കെന്നപോലെ തനിക്ക് കഥകൾ പറഞ്ഞു തന്നു. അതിൽ രാജാവിനോ റാണിക്കോ സ്ഥാനമില്ലായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ഞാൻ ചോദിച്ചു.

'ചേച്ചീ, ന്നെ എന്താ വിളിക്ക്യാ'

'ഉണ്ണീന്ന്'

'ഉണ്ണീയേശൂനെപ്പോലെ'

പെട്ടെന്ന് ചേച്ചി കരയാൻ തുടങ്ങി.

'വേണ്ട, ന്റെ കുട്ടി ഉണ്ണ്യേശു ആവണ്ട'

'അതെന്താ' സംശയം എന്റെ കൂടപ്പിറപ്പ്തന്നെ

ഉണ്ണിയേശുവിനെ പിൽക്കാലത്ത് യൂദാസാക്കിയ ഏതോ ഒരു ചിത്രകാരന്റെ കഥ ചേച്ചിയെനിക്ക് പറഞ്ഞു തന്നു. ചേച്ചി കരയുന്നുണ്ടായിരുന്നു. ചേച്ചിയെന്നെ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ മാറോടണക്കിപ്പിടിച്ചു. സൂര്യൻ കടലിൽ താഴുന്നു. ചേച്ചിയുടെ കണ്ണുനീർ മുത്തുകളായി മാറുന്നുണ്ട്. ചേച്ചി എന്നെയും മാറോടണക്കി സൂര്യനെ ലക്ഷ്യമാക്കി നടന്നു. സുവർണ രശ്മികളാൽ തീർത്ത കാടൽപ്പാലത്തിലൂടെ. ●

# അനുഭവക്കുറിപ്പ്.

**[illegible]ടി.കെ.**

1996 സെപ്തംബർ ഇരുപത്തി ഒമ്പത്– ഞായറാഴ്ച

ടെലഫോണിന്റെ ശബ്ദം കേട്ടാണ് ഉച്ചയുറക്കത്തിൽ നിന്നും ഞാൻ ഞെട്ടിയെഴുന്നേറ്റത്. റസീവർ കയ്യിലെടുത്തു. ഉറക്കം കെടുത്തിയതിലുള്ള ദേഷ്യത്തോടെ സംസാരിച്ചു തുടങ്ങി....

ഹലോ

ഹലോ-സാറയാ, ഞാൻ ഡെസ്പ് ആണ്. ഡെസ്പ് സമീർ.

നാളെ എപ്പൊ എത്തും?

എപ്പോ എത്തണം?

നിനക്ക് ടെൻഷനൊന്നുമില്ലേ. നീ രാവിലെയൊരു ഏഴ്, ഏഴര-ഒരു കാര്യം ചെയ്യ് താനൊരു എട്ടുമണിക്കെത്തിക്കോ.

ശരി, വേറൊന്നുമില്ലല്ലോ. വെയ്ക്കട്ടെ.

OK

നാളെ നടക്കാനിരിക്കുന്ന കോളേജ് യൂനിയൻ ഇലക്ഷനെകുറിച്ച് അപ്പോഴാണ് ഞാൻ ഗൗരവമായോർത്തത്. രണ്ടാഴ്ച്ചത്തെ പൊടിപാറിയ വോട്ടുപിടുത്തത്തിന് വിരാമമിടാൻ സമയമായി. സുഖമായി രണ്ടാഴ്ച- പുസ്തകം തൊടാതെ, ക്ലാസ്സിന്റെ പടിവാതിൽക്കാണാതെ, എല്ലാവരോടും കത്തിയടിച്ച് നടന്ന ആ ദിവസങ്ങൾ. അതു കഴിഞ്ഞതിലല്ലായിരുന്നു. എനിയ്ക്ക് സങ്കടം.

കിടക്കയിൽ നിന്നെണീറ്റു വെറുതെയൊന്നു ക്ലോക്കിലേക്കു നോക്കി. നാലുമണി. അപ്പോഴാണോർത്തത് ഞായറാഴ്ചയല്ലെ, നമ്മുടെ വിഡ്ഢിപ്പെട്ടിയിൽ സിനിമ ഉണ്ടല്ലോ. ഏതായാലും അതിരുന്നു കാണാം. വെറുതെയിരുന്നാൽ ഇലക്ഷനെ കുറിച്ചോരോന്നാലോചിയ്ക്കും. സിനിമ ഏതായിരുന്നെന്ന് കൃത്യമായ് ഓർക്കുന്നില്ല. ആകെയൊരു, എന്താ പറയ്യാ ടെൻഷനുമല്ല, പേടിയുമല്ല, സന്തോഷവുമല്ല ഇതൊന്നുമല്ലാത്ത ഒരവസ്ഥ. രാവിലെ 8 മണിക്ക് എത്തണമെന്നാണല്ലോ ഡസ്പ് പറഞ്ഞിരിക്കുന്നത്. അന്ന് ഞാൻ നേരത്തെ കിടന്നുറങ്ങി.

സെപ്തംബർ മുപ്പത് തിങ്കളാഴ്ച.

സുബഹ് നിസ്ക്കാരം കഴിഞ്ഞപ്പോൾ മനസ്സിനൊരു ശാന്തത അനുഭവപ്പെട്ടു. സമയം 7.30 ആയി. കൂടെ വരാമെന്നു പറഞ്ഞ സുഹൃത്തുക്കളൊന്നുംതന്നെ എത്തിയിട്ടില്ല. ഇനിയിപ്പോ കോളേജിലെട്ടുമണിയ്ക്കെത്തുകയെന്നതും സാദ്ധ്യമല്ല. ഏകദേശം ഒരു 7.50 ഒക്കെ ആയപ്പോൾ കൂട്ടുകാരികളെത്തി. ഇനിയിപ്പോ ബസ്സുകിട്ടി എപ്പോ എത്തുമോ ആവോ എന്ന ഭയമായിരിന്നു എനിയ്ക്ക്.

ഉപ്പാനോടും, ഉമ്മാനോടും യാത്ര പറഞ്ഞപ്പോൾ –"തോറ്റാലും പ്രശ്നമൊന്നുമില്ല; ആദ്യം അങ്ങനെയൊക്കെത്തന്നെയാണ്", ഇലക്ഷന്റെ കാര്യത്തിൽ മുൻ പരിചയമുള്ള ഉപ്പ പറഞ്ഞു. എന്നാൽ ജയിക്കുമെന്നൊരു പ്രതീക്ഷയായിരുന്നു ഉമ്മന്റെ മുഖത്തപ്പോൾ. ഏതായാലും ബസ്സെല്ലാം പിടിച്ച് കോളേജിലെത്തിയപ്പോൾ സമയം എട്ടര കഴിഞ്ഞു. ചീത്തകൊണ്ട ഭിഷേകമായിരിക്കും, അത് കേൾക്കാൻ തയ്യാറായിക്കൊണ്ടാണ് ഞാൻ കോളേജിലേക്ക് കയറിച്ചെന്നത്. പക്ഷേ എന്തേ നേരം വൈകിയെന്നല്ലാതെ ആരും ഒന്നും പറഞ്ഞില്ല.

രാജാഗേറ്റിനുമുമ്പിൽ എന്റെ പേരെഴുതിയ ബാനർ കണ്ടപ്പോ ഇനിയിപ്പോ എന്തായാലെന്താ എന്നാണാദ്യം തോന്നിയത്. തോറ്റാലെന്താ, ഫാറുഖാബാദിന്റെ മുന്നിലല്ലെ വെണ്ടക്കാക്ഷരത്തിൽ പേരും പടവും. ഇനിയിപ്പോ എന്തുവേണം. ഇങ്ങനെയോരോന്നാലോചിച്ച് കോളേജിനുള്ളിലേക്ക് നടന്നയെന്നോട് അഷ്റഫ് പറഞ്ഞു. "ഗേറ്റിനടത്തു തന്നെ നിന്നാമതി, കയറി വരുന്ന ഒരുത്തരെയും വിടരുത്. വോട്ട് ശരിയ്ക്കങ്ങുറപ്പിയ്ക്കണം. ഒരല്പം പ്രതീക്ഷയുണ്ട്. അതുകൊണ്ടാണ് പറയുന്നത്."

എവിടെ പ്രതീക്ഷിക്കാൻ; ഞാൻ മനസ്സിൽ കണക്കുകൂട്ടുകയായിരുന്നു. തോറ്റാലെന്തു പറയുമെന്ന്. ഹൊ! ഇഷ്ടം പോലെ കാരണങ്ങളുണ്ട്. എനിയക്ക് പിടിച്ചു നിൽക്കാൻ. ഫാറൂഖ് കോളേജിൽ ഒരു പ്രീഡിഗ്രി വിദ്യാർത്ഥിനി ജയിക്കുകയോ. ഈ കാരണത്താൽ കോളേജിൽ പിടിച്ചു നിൽക്കാം. പക്ഷെ ഞാൻ തോറ്റ് പെല്ലുന്നതും കാത്തിരിക്കുകയാണ് എന്റെ ഇക്കാക്കമൊർ, കളിയാക്കാനായി. അതായിരുന്നു എന്റെ ഏക ഭയം.

പിന്നെ ഒരുപാടുണ്ട് ഇലക്ഷൻ

# മൂടൽ മഞ്ഞിലൂടെ...

സിന്ധു കെ. ആർ.
എൽ. എൽ. ബി.

(എ.പി.പി. നമ്പൂതിരി അനുസ്മരണ അഖില കേരള ചെറുകഥാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയത്.)

മഞ്ഞ് പെയ്യുവാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. സന്ധ്യ മയങ്ങുന്നതേയുള്ളു; അതിനുമുമ്പേ തന്നെ ഇരുട്ട് പടർന്നു കഴിഞ്ഞിരിക്കുന്നു. മുമ്പിൽ പരന്നുകിടക്കുന്ന പാടത്തിന്റെ അതിരുകൾ മൂടലിൽ അവ്യക്തമാവുന്നു. അസ്ഥികളെ തുളച്ചുകയറുന്ന തണുപ്പ് ഇവിടെ, ഈ പൂമുഖത്ത്, വഴിക്കണ്ണുമായി കിനാവ് കണ്ടിരിക്കാൻ തുടങ്ങുമ്പോൾ ഇളംവെയിൽ ചൂടാറിക്കഴിഞ്ഞിരുന്നില്ല. ധനുമാസക്കുളിർ ഇങ്ങനെയാണ്, പതുങ്ങി വന്നാവും പടർന്നു കയറുക.

അകലെ, അയ്യപ്പക്ഷേത്രത്തിൽ നിന്നുയരുന്ന ഭജനയുടെ നേർത്ത ഈണം. അമ്പലത്തിൽ പോയിട്ടേറെയായിരിക്കുന്നു. രാവിലെ നന്ദിത വിളിച്ചതുമാണ്.

-ചേച്ചി, ഇന്ന് തിരുവാതിരയാണ്. ഇന്നെങ്കിലും ഒന്നെനിക്കൊപ്പം വന്നൂടെ കൂട്ടായിട്ടേലും...

ഒരു ഒഴിവുദിനത്തിന്റെ ആലസ്യം നഷ്ടപ്പെടുത്തുവാൻ മനസ്സുവന്നില്ല. വൈകിയുണർന്ന്, മുറതെറ്റിയ ദിനചര്യകളോടെ അജ്ഞാതനായ ഏതോ അതിഥിയെ കാത്തിരിക്കുവാനുള്ളതാണ് ഇത്തരം ദിവസങ്ങൾ.

സൊല്ലിട്ട് മടങ്ങുമ്പോൾ നന്ദു പിറുപിറുക്കുന്നുണ്ടായിരുന്നു. ചേച്ചി വല്ലാണ്ട് മടിച്ചിയായിക്കൊണ്ടിരിക്കുകയാണ്..

എന്നും അങ്ങനെ തന്നെയായിരുന്നു എന്ന് തിരുത്തുവാൻ പോയില്ല. നീട്ടി വരക്കാറുണ്ടായിരുന്ന കളഭക്കുറിയുടെ തഴമ്പ് ശേഷിച്ചിരിപ്പുണ്ടോ എന്ന തലോടി നോക്കി വെറുതെ ചിരിക്കുക മത്രം ചെയ്തു.

എനിക്കൊപ്പം കൂടുകയാണെങ്കിൽ വ്രതം മുടക്കേണ്ടി വരുമെന്ന് ഭയന്നാവാം, തനിച്ചാവുമല്ലോ എന്ന വിഷമമുണ്ടായിരുന്നിട്ടും അവൾ പോവാൻ തീരുമാനിച്ചത്. മുൻകൂട്ടി ഉറപ്പിച്ചിരുന്നതല്ല.


പാവം അമ്പലവാസിപ്പെണ്ണ്, ക്ഷയിച്ച തറവാടിന്റെ ഉമ്മറക്കോലായയിൽ, വാടിയിരിക്കുന്ന ചിത്രം മനസ്സിൽ കാണാം മുടങ്ങാതെ എത്രയോ, ആതിരയും, ഏകാദശിയും നോറ്റതാണിവളെന്ന് ഇനി പറഞ്ഞാലും വിശ്വസിക്കുമെന്ന് തോന്നുന്നില്ല.

-എല്ലാം എന്തിനു വേണ്ടിയായിരുന്നു...?-

ഈ വരാന്തയിൽ, വിളിപ്പുറത്തെങ്ങും ആരുമില്ലാത്തേടത്ത്, തണുപ്പിൽ ചൂടുള്ള കിനാക്കൾ നെയ്ത് തനിച്ചിരിക്കുമ്പോഴുള്ള സുഖം...മുമ്പെപ്പോഴും സങ്കല്പിക്കാറുണ്ടായിരുന്ന ഒരു ചിത്രമായിരുന്നു ഇത്. വിരുന്നുകൂടാൻ പ്രിയപ്പെട്ടവരാരെങ്കിലും വരികയാണെങ്കിൽ ആ സ്വപ്നം പൂർണ്ണമായി.

യുഗങ്ങൾക്കപ്പുറത്ത്, പാതിതുറന്ന സ്മൃതിവാതായനങ്ങൾക്കുമപ്പുറത്ത്, മിന്നിമായുന്ന അവ്യക്തരൂപങ്ങളിൽ നിന്ന് വീണുടയുന്ന അസ്പഷ്ട സ്വരതന്തുക്കൾ എത്രയേറെ അപരിചിതമായിരിക്കുന്നു. ഒന്നും തന്നെ പറയാതെ, കരുതലോടെയല്ലാത്ത ഒരു നോക്കുപോലുമോ ഇല്ലാതെ എന്തൊക്കെയോ നിഗൂഢമായി മോഹിച്ച് കഴിച്ചുകൂട്ടിയ നാളുകൾ, ഒടുവിൽ കണ്ണീരിന്റെ അകമ്പടിയില്ലാതെ ഉള്ളാലെ വിതുമ്പി, വിടചൊല്ലിയ നിമിഷം, എല്ലാം, എല്ലാമെല്ലാം മുജ്ജന്മത്തിലെങ്ങോ ആയിരിക്കണം.

ഇവിടെ ഇങ്ങനെ, പതിനൊന്നു സംവത്സരങ്ങൾ പഴക്കമുള്ള ഹ്രസ്വദാമ്പത്യത്തിന്റെ ശേഷപത്രമായ ഈ



താലിച്ചരടും തിരുപ്പിടിപ്പിച്ചുകൊണ്ട് തനിച്ചിരിക്കുമ്പോൾ, ഇതെല്ലാം എന്തിനുവേണ്ടിയാണ് ഓർത്തുപോകുന്നത് ?

-നീ ഏകയാണ് എന്ന് അടിവരയിട്ട് ഉറപ്പിക്കുവാനോ...?-

അടുത്തുവരുന്ന ആരവം. തിരുവാതിര ആഘോഷിക്കുവാനെത്തിയവരാണ്. ഇരുൾ വീഴുന്നതിനു മുമ്പേ തുടങ്ങിയാലല്ലേയുള്ളൂ വൈകുന്നതിന് മുമ്പ് തന്നെ പരിപാടികളെല്ലാം കഴിക്കാനാകൂ...

മുമ്പ്, നന്ദു വരുന്നതിന് മുമ്പ്, ഇവരെത്തുമ്പോഴായിരുന്നു, ആതിരയാണെന്ന വിവരം അറിഞ്ഞിരുന്നത്.

അവർ തുടങ്ങുന്നതിന് മുമ്പേ തന്നെ കയ്യുയർത്തി വിലക്കി. അത്രയും ആശ്വാസം എന്ന ഭാവം എല്ലാവരിലും. ചില്ലറയായൊന്നും കയ്യിലുണ്ടായിരുന്നില്ല. ഉള്ളതെടുത്ത് കൊടുത്തപ്പോൾ ആ മുഖങ്ങളിലാകെ അമ്പരപ്പ് മുനിയെന്ന വിളിപ്പേര് കിറുക്കിയെന്നാവാൻ ഇതൊന്നു മതി.

വന്നതിലുമേറെ കലപില കൂട്ടി അവർ കടന്നുപോയി.

പതിഞ്ഞൊരു കാലൊച്ച കേട്ടാണ് തലയുയർത്തിയത്. പോയവരാരോ തന്നെ തിരിച്ചുവന്നതാവും എന്നാണ് ആദ്യം കരുതിയത്. മാന്യമായ വേഷവും കറുത്ത തുകൽ ബാഗും പിന്നീടാണ് ശ്രദ്ധയിൽ പെട്ടത്. അരണ്ട വെളിച്ചത്തിന് കീഴിലേക്ക് നീങ്ങിനിന്നുകൊണ്ട് നിറഞ്ഞ് പുഞ്ചിരിച്ചപ്പോഴും പെട്ടെന്നാളെ മനസ്സിലായില്ല. തിരിച്ചറിഞ്ഞപ്പോൾ ഒരു മിന്നൽപ്പിണർ കടന്നുപോയെന്ന പോലെവേ ഒന്നാകെ ത്രസിച്ചുപോയി.

നന്നായി തടി വച്ചിരിക്കുന്നു. നിറമല്പം മങ്ങിയിരിക്കുന്നുവോ? ആത്മാവോളം കടന്നുചെന്ന് തഴുകുന്ന കണ്ണുകളിലെ ആർദ്രത- അതതേ പോലെ തന്നെ.

നൊടി നേരം കൊണ്ടും തന്നെ മനസ്സിൽ ഒരു കണക്കുക്കൂട്ടൽ നടത്തി.

ആഹ്ലാദത്തേക്കാളേറെ അമ്പരപ്പായിരുന്നു. അകത്തെവിടെയോ ശ്വാസം കുടുങ്ങി നിൽക്കുന്നു. അറിയാതെ കണ്ണുകളിൽ നീർ പൊടിയുന്നു.

"തളർന്നു വരുന്ന അതിഥിയോട് കയറിയിരിക്കാൻ പറയാനുള്ള മര്യാദപോലും കവയിത്രി മറന്നുപോയെന്ന് തോന്നുന്നുവല്ലോ..."

കണ്ണിറുക്കിയുള്ള അതേ ചിരി.

"എബി ഇവിടെ എങ്ങനെയറിഞ്ഞു....?"

കയറിവരൂ എന്നാണ് പറയാൻ തുനിഞ്ഞതെങ്കിലും ചോദിച്ചു പോയതാണ്.

"വിശ്വപ്രസിദ്ധയായ സാഹിത്യകാരിയുടെ, വാസസ്ഥലമറിയുവാനോ ഇത്ര വിഷമം....?"

മറ്റുവല്ലവരുമാണിത് പറഞ്ഞതെങ്കിൽ പരിഹസിക്കുകയാണെന്നെ കരുതുമായിരുന്നുള്ളു. കവിതയുമെഴുതി നടന്നിരുന്ന കൗമാര സ്വപ്നങ്ങളിൽ മിഴിവേറിയ ഒന്നായിരുന്നു ഒരു എഴുത്തുകാരിയാവുക എന്നത്.

അരുത്, ഉദകമിട്ട് അടർത്തി മാറ്റിയ ഓർമ്മകളുടെ ശവക്കുഴി മാന്തേണ്ട- സ്വയം ശാസിച്ചു.

"അകത്തേക്കിരിക്കാം..."

"ഹാവൂ സമാധാനം, പുറത്തുതന്നെ നിർത്താനാണ് ഭാവമെന്ന് ഞാൻ ഭയന്നു."

മദിപ്പിക്കുന്ന നേർത്ത സുഗന്ധം ഒഴികിപ്പരക്കുന്നു.

ഇത് സ്വപ്നമോ സത്യമോ എന്നായിരുന്നു അപ്പോഴും സംശയം. ഈയൊരു സന്ദർഭം ഏറെ സങ്കല്പിച്ചിരുന്നു. അതൊക്കെ വർഷങ്ങൾക്ക് മുമ്പ്. ഇപ്പോൾ, നിനച്ചിരിക്കാത്ത നേരത്ത് ഇത്തരമൊരു സാഫല്യം.

അന്ധാളിപ്പ് കണ്ടാവാം എബി പൊട്ടിച്ചിരിക്കുന്നു. ഒരു വ്യാഴവട്ടക്കാലത്തിന് മുമ്പ് കണ്ട് മറന്നുകഴിഞ്ഞിട്ടില്ലാത്ത അതേ ചിരി.

യൗവനം ശോഷിച്ചു തുടങ്ങിയ പാകത വന്ന സ്ത്രീയാണ് ഞാനിന്ന് എന്ന കാര്യം നൊടിനേരത്തേക്ക് മറന്ന്, ആ ചിരിയുടെ അനുരണനങ്ങൾ ഉൾകൊണ്ടു.

"സസ്പൻസ് അല്പനേരം കൂടി നിലനില്ക്കട്ടെ കുറച്ച് വെള്ളം തരാമോ...?"

"കാപ്പിയെടുക്കാം..."

ശീലങ്ങളും, ശീലക്കേടുകളുമെല്ലാം കുറഞ്ഞകാലം കൊണ്ടുതന്നെ മനസ്സിലാക്കി കഴിഞ്ഞതാണല്ലോ.

തനിച്ചേ ഉള്ളു, അതിഥി ഒരു പുരുഷനാണ് എന്ന കാര്യങ്ങളൊക്കെ മനപ്പൂർവ്വം മറന്നു. വല്ലവരും കണ്ടാൽ പരത്തുവാനിടയുള്ള കെട്ടുകഥകളെക്കുറിച്ചും ഓർത്തില്ല. കലമുടയ്ക്കുന്ന മിണ്ടാപ്പൂച്ചയെക്കുറിച്ചുള്ളതാവും ഒരു പക്ഷെ ഇനിയുള്ള ദിവസങ്ങളിലെ ചൂടു വാർത്തകൾ.

"ആവാം, എനിക്കൊട്ടും തിടുക്കമില്ല."

ധൃതി എനിക്കായിരുന്നു അപരാധമെന്തോ ആണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന ബോധമായിരുന്നു ഉള്ളിൽ ഈശ്വരാ, എന്തിന് ഇങ്ങനെയൊരു പരീക്ഷണം?

ഞാനിന്ന് കൗമാരം കഴിയാത്ത ചപലയായൊരു കോളേജ് വിദ്യാർത്ഥിനിയല്ല. എബി വഴക്കാളിയായി നടന്നിരുന്ന ഒരു ഇരുപത്തിമൂന്നുകാരനുമല്ല. സ്വയം സമാധാനിക്കുവാൻ ശ്രമിച്ചു.

ചൂടുകാപ്പി പകർന്നെടുക്കുമ്പോഴേക്ക് തന്നെ ആറിപ്പോകുന്നു. വർഷം തോറും തണുപ്പ് ഏറിവരികയാണ് എല്ലാറ്റിനും ചൂടുണ്ടാവണമെന്ന് എബിക്ക് നിർബ്ബന്ധമായിരുന്നു. ജീവിതത്തിനും. കൊതിച്ചതുപോലെ തന്നെ എല്ലാം കിട്ടുന്നുണ്ടോ ആവോ? അലസഭാവമുള്ള ഞാൻ എങ്ങനെ ആ വെറിയനുമായി അടുത്തു എന്നോർത്തു അത്ഭുതപ്പെട്ടിട്ടുണ്ട്. അതു പരിധിയിൽ കവിഞ്ഞ് ആരുമായും ഇടപഴകാൻ കഴിഞ്ഞിട്ടില്ലാത്ത ഞാൻ പക്ഷെ അടിയൊഴുക്കിൽ എന്തൊക്കെയോ സമാനതകൾ, പൊരുത്തങ്ങൾ ഉള്ളതായി പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്.

പൂമുഖത്ത്, ചില്ലിട്ട് പൂമാല ചാർത്തി തൂക്കിയിട്ടിരിക്കുന്ന മാറാല പിടിച്ച പടം നോക്കിയിരിക്കുകയായിരുന്നു എബി. കടന്നു ചെന്നതറിഞ്ഞാവാം, നോട്ടം പിൻവലിച്ച്. തലകുനിച്ചിരുന്നു.

"ഞാൻ....ഞാനെല്ലാം അറിഞ്ഞിരുന്നു...."

-ഓ, അറിയുന്നുണ്ടായിരുന്നുവോ....?

എന്നിട്ടും ഇത്രകാലവും....

പതിമൂന്നാം ദിനം, പതിയുടെ ഉയിരെടുത്തു എന്ന പഴിവാക്കുകൾക്കിടയിൽ, ഒരു സാന്ത്വനത്തിനായി ഏറെ ദാഹിച്ചിട്ടുണ്ട് ഒന്നിന്നും വേണ്ടിയായിരുന്നില്ല, വെറുതെ...എന്നിട്ടും...

തന്നിലാണ് ദൃഷ്ടി പതിയുന്നതെന്ന് മനസ്സിലായപ്പോൾ കൈവിരൽ ഞൊടിച്ച് ജാലകങ്ങൾക്കപ്പുറത്ത് കട്ട പിടിച്ചു തുടങ്ങുന്ന ഇരുട്ടിലേക്ക് നോക്കി ഇരുന്നു. ആ ചെമ്പൻ കണ്ണുകളുടെ ആഴങ്ങളിൽ, നൊമ്പരം ഓളം വെട്ടുന്നുണ്ടാവും എന്നോർത്തപ്പോഴും മരവിപ്പ് മാത്രമേ തോന്നിയുള്ളു.

പുതുമ നശിച്ചാൽ എല്ലാം നിർജ്ജീവമായിത്തീരും, ദുഃഖങ്ങളും.

"സന്ദീപിന് പ്രത്യേകിച്ചെന്തെങ്കിലും.....?"

ഒന്നുമുണ്ടായിരുന്നില്ല, ജീവിതത്തിന്റെ ഏറ്റവും മനോഹര മുഹൂർത്തങ്ങളാണ്, എനിക്കെന്റെ സന്തു സമ്മാനിച്ചത്. വെറുതെ പോലും ആ മുഖം ഇരുളുന്നത് കണ്ടിരുന്നില്ല. അല്പായുസ്സെന്നാവും തലവിധി. അല്ലാതെ മറ്റൊന്നും.... ഉറക്കത്തിലേക്ക് പതിയെ ആണ്ടാണ്ട് പോവുന്നത് അരികിൽ കണ്ടുകൊണ്ട് കിടന്നതാണ്. ഒടുവിൽ പതിവുപോലെ ചൂടുചായയുമായി ഉണർത്തുവാൻ ചെന്നപ്പോൾ....

ജീവിതത്തിന്റെ ഭാഗധേയം തന്നെ നിർണ്ണയിച്ചിട്ടുള്ള ഏറെ ദുരന്തങ്ങളിലൂടെ കടന്നുപോന്നിട്ടുള്ളവൾ, ഈയൊരു നിമിഷത്തിനു മുമ്പിൽ പതറുവാൻ പാടുള്ളതല്ല.

നിഷേധാർത്ഥത്തിൽ തലയിളക്കുക മാത്രം ചെയ്തു. വല്ലതും പറഞ്ഞു തുടങ്ങിയാൽ.... വേണ്ട, ഒന്നും ഒരി

ക്കലും ആരെയും അറിയിച്ചിട്ടില്ല.

സംഭാഷണത്തിന്റെ ഗതി മാറുന്നുവെന്ന് തോന്നിയിരിക്കണം.

"എവിടെ ഒപ്പമുള്ള കുട്ടി ഇതുവരെ കണ്ടില്ല."

എല്ലാം തന്നെ തിരക്കിയറിഞ്ഞാണ് വന്നിരിക്കുന്നത്. നന്ദിത ഇല്ലാതിരുന്നതിൽ ഏറെ സന്തോഷം തോന്നി ഈ സ്വകാര്യതയുടെ അനുഭൂതി പങ്കുവെച്ച് നശിപ്പിക്കുവാനുള്ളതല്ല.

"നാട്ടിൽ പോയിരിക്കുന്നു, തിരുവാതിര കൂടാൻ.."

"ഓ, അനുവിനുമുണ്ടാവുമല്ലോ വ്രതം....?"

"എനിക്കോ, എനിക്കിനിയെന്താതിര....?"

സ്വരത്തിൽ ആവുന്നത്ര സ്വാഭാവികത കലർത്താൻ ശ്രമിച്ചു. അരുതാത്തതെന്തോ പറഞ്ഞുപോയ ഭാവം എബിയുടെ മുഖത്ത്. കീഴ്ച്ചുണ്ട് കടിച്ച് തെല്ലുനേരം തല കുനിച്ചിരുന്നു.

"ആ കുട്ടിയും കോളേജിൽത്തന്നെയാണോ...?"

"അതേ കഴിഞ്ഞവർഷം കേറിയതേയുള്ളു. റിസർച്ചിനുള്ള ഒരുക്കത്തിലാണിപ്പോ...."

കാലമെത്രയോ കഴിഞ്ഞ് കണ്ടുമുട്ടുന്ന കമിതാവിന് അറിയുവാനുള്ളത് കാണാത്ത ഏതോ പെൺകുട്ടിയുടെ കാര്യങ്ങൾ. കഥകൾ പറഞ്ഞും അറിഞ്ഞും മതിയാവാതെ കാമ്പസിന്റെ ഒഴിഞ്ഞ കോണുകൾ തേടിപ്പോകുന്ന കൗമാരം ക്ഷണിക്കാതെ ഓർമ്മയിലെത്തി. ക്ലാസ്സ് മുറിക്കുള്ളിലും, ഗുൽമോഹർമരങ്ങൾക്കു കീഴിലും ഒരിക്കലും തനിച്ചായിരുന്നില്ല. പിരിയാതെ ഒപ്പമുണ്ടായിരുന്ന പ്രിയതോഴിക്കും പക്ഷേ ഒന്നും ഒരിക്കലും പിടികൊടുത്തില്ല. ആ സത്യം സ്വയം തന്നെ അംഗീകരിച്ചിരുന്നില്ല ഒരിക്കലും, ഇപ്പോൾപ്പോലും. അനസൂയനമ്പ്യാരും എബി അബ്രഹാമും തമ്മിലുള്ള ബന്ധം എന്നും നിർവ്വചനങ്ങൾക്കതീതമായി തന്നെ ഇരിക്കട്ടെ.

"എന്നെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല; അനു ചോദിച്ചുമില്ല."

ഉവ്വ്, ഞാനൊന്നും ചോദിച്ചില്ല. പറയുവാനായി പരിധിയിൽ കവിഞ്ഞും ഉണ്ടാവുമ്പോൾ മൗനിയാവുക പതിവുള്ളതാണ് എല്ലാം ചുരുക്കാതെ തന്നെ പറഞ്ഞോളൂ. കാതുകൂർപ്പിച്ച്, നിറഞ്ഞമനസ്സോടെ ഞാനിതാ ഈ മുമ്പിൽത്തന്നെ ഉണ്ടല്ലോ!

കറുത്ത കോട്ടും കിനാവ് കണ്ട് കഴിച്ചുകൂട്ടിയ കലാലയ ജീവിതത്തിന്റെ ഓർമ്മയിൽ ചോദിച്ചു.

"പ്രാക്ടീസൊക്കെ എങ്ങിനെ....?"

എന്തോ വലിയ തമാശകേട്ടെന്ന പോലെ എബി പൊട്ടിച്ചിരിക്കുന്നു.

"എന്തു പ്രാക്ടീസ് ? വക്കീൽപണി എനിക്ക് പറ്റിയതല്ലെന്ന് നിങ്ങളെപ്പോലെ തന്നെ ഞാനും മുമ്പേ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. പിന്നെ രാഷ്ട്രീയം. കുറച്ചുകാലം കൊണ്ടു പിടിച്ചു നടന്നതാണ് ഖദറുകൊണ്ടു വയറുനിറയില്ലെന്ന് മനസ്സിലായപ്പോൾ അതും നിർത്തി. അടുത്തതായി കൃഷി പരീക്ഷിച്ചു. അതിലേതായാലും വരതെളിഞ്ഞു. പരമ്പര്യമായി കൃഷിക്കാരായിരുന്നുവല്ലോ ഞങ്ങൾ....."

".....ഓ........."

അനുവാദം കൂടാതെ തന്നെ ഇരച്ചു വരാറുള്ള ഓർമ്മകളിൽ സങ്കല്പിച്ചു വച്ചിരുന്ന ചിത്രം പക്ഷെ ഇതൊന്നും ആയിരുന്നില്ല.

"തീർന്നില്ല, ബിസിനസ്സായിരുന്നു എനിക്ക് വിധിച്ചത് പണം കണ്ടു തുടങ്ങിയപ്പോൾ ആർത്തിയേറി. പന്നെ കടൽ കടന്നു. അഞ്ചുവർഷം ജീവിതം തന്നെ മറന്നു ഇടയിൽ....."

ആ വിസ്മൃതിയെക്കുറിച്ച് ഓർത്തെന്ന പോലെ തെല്ലിട എബി നിശ്ശബ്ദനായി.

എല്ലാം മറന്നു എന്ന് നടിക്കുവാൻ എളുപ്പമാണ്. തിരമാലകളെല്ലാം അകത്തൊതുക്കി, പുറമേ നിസ്സംഗതയുടെ മുടുപടമണിഞ്ഞ് അന്യരെ കബളിപ്പിക്കുവാനുള്ള കല സ്വായത്തമാക്കൽ വിഷമമുള്ള കാര്യമല്ല. ഇതാ ഇവിടെ ത്തന്നെ ഉണ്ടല്ലോ അതിന്റെ ഏറ്റവും വലിയ ജീവിക്കുന്ന ഉദാഹരണം.

"അനുവിനറിയാമല്ലോ, എന്റെ മിനിക്കുട്ടിക്കൊരു നല്ല ജീവിതം കൊടുക്കുക. അവൾക്ക് സ്വപ്നം കാണാൻ കഴിയുന്നതിലുമൊക്കെ ഏറെ മികച്ചത്. എന്നെയൊരിക്കലും കൊതിപ്പിച്ചിട്ടില്ലാത്തത്. അതിനായിരുന്നു എന്റെ പ്രയത്നം മുഴുവൻ, പക്ഷേ..."

വാക്കുകളിടറി എന്ന് തോന്നിയതാവുമോ..?

പലവുരു പറഞ്ഞിട്ടുണ്ട് മുമ്പ് ഈ സ്വപ്നങ്ങളെക്കുറിച്ചൊക്കെ മുപ്പത്തി ഒന്നാം വയസ്സിൽ വൈധവ്യം ഏറ്റുവാങ്ങേണ്ടി വന്ന അമ്മയുടെ നൊമ്പരമുൾക്കൊണ്ടു വളർന്ന കുഞ്ഞുപെങ്ങളെക്കുറിച്ചു പറയുമ്പോഴെല്ലാം സ്വരം ആർദ്രമാവുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. ആ സ്ഥാനത്ത് താനായിരുന്നു എങ്കിൽ എന്ന് വൃഥാ കൊതിച്ചു പോയിട്ടുമുണ്ട്.

"അനിയത്തിയിപ്പോ....?"

അമർത്തിവച്ച ആകാംക്ഷ തോടുപൊട്ടിച്ച് പുറത്തു കടന്നു.

"അവളെന്നെ തോല്പിച്ചുകളഞ്ഞു. തനിക്ക് വേണ്ടത്

തിരഞ്ഞെടുക്കാൻ മാത്രം എന്റെ മിനിക്കുട്ടി വളർന്നുവെന്ന് ഞാനറിഞ്ഞപ്പോൾ വൈകിപ്പോയി, വളരെ എങ്കിലും, ഒരിഷ്ടത്തിനും ഒരിക്കലും ഞാനെതിരു നിൽക്കില്ല എന്നെന്തേ അവൾ ഓർക്കാതെ പോയി...."

ഒട്ടൊന്ന് നിർത്തി, കൈത്തലം കൊണ്ട് മുഖം മറച്ചിരിക്കുന്നു.

പറ്റിയ ഒരാശ്വാസവാക്കിനു വേണ്ടി ഞാൻ പരതി.

ഇതു തന്നെയാണ് ജീവിതം എന്ന് പറഞ്ഞാലോ കൊതിച്ചതതേ പടി വിധിക്കയാണെങ്കിൽ....

വേണ്ട, മുറിവേറ്റ ആ തരള ഹൃദയത്തെ ഏറെ നോവിക്കേണ്ട.

ചോർന്നു പോയ കരുത്ത് വീണ്ടെടുത്തന്ന പോലെ എബി ഇളകിയിരുന്നു. "....അല്ലെങ്കിൽ മിനിക്കുട്ടിയെ എന്തിന് കുറ്റപ്പെടുത്തണം എന്റെ മനസ്സ് കാണുവാൻ ആർക്കും കഴിഞ്ഞില്ലല്ലോ, ആരുമതിനായൊന്ന് ശ്രമിക്കുക പോലും ചെയ്തില്ലല്ലോ പിന്നെയെന്തിന്..."

മൂർച്ചയേറിയ നോട്ടം അകത്തളങ്ങളിലെങ്ങോ ഉറങ്ങിക്കിടന്നിരുന്ന തരളഭാവങ്ങളെ വീണ്ടും തൊട്ടുണർത്തുന്നു. തിരുത്തണമെന്നുണ്ടായിരുന്നു: മറ്റുള്ള മനസ്സുകൾ കാണുക ആയാസകരമല്ല, തന്റെ തന്നെ മനസ്സറിയുവാനാണ് പാട് എന്ന് പറഞ്ഞില്ല.

ഒന്നും മസ്സിലാവാത്തവളെപ്പോലെ വെറുതെ ചിരിക്കാൻ ശ്രമിച്ചു.

എന്തോ പറയുവാനുള്ള ഒരുക്കത്തിലാണെന്നു തോന്നി. കണ്ണുകളിലൊരു കടലിരമ്പുന്നതു കാണാം. ദൃഷ്ടികൾ ഇടഞ്ഞപ്പോൾ...

"നോക്കു അനു, നിങ്ങളെയോർത്ത്, നിങ്ങളേമാത്രമോർത്ത് ഞാനെത്ര രാത്രികൾ ഉറങ്ങാതിരുന്നിട്ടുണ്ടെന്നറിയാമോ?" എന്റെ പങ്കാളിയാവേണ്ടവൾക്ക് ഞാൻ സങ്കല്പിച്ചതിലുമേറെ നന്മകൾ നിങ്ങളിൽ ഞാൻ കണ്ടു. പറയാനൊരുങ്ങിയതാണ് എത്രയോ വട്ടം. എന്താവും പ്രതികരണം എന്ന് ഊഹിക്കുവാൻ കഴിഞ്ഞില്ല. പ്രതികൂലമെങ്കിൽ സഹിക്കാനാവുമോ എന്നുറപ്പുണ്ടായിരുന്നില്ല. പിന്നെയോർത്തു ഒരാണിനെപ്പോലെ കൈപിടിച്ചിറക്കാൻ കരുത്തുമായി വരാമെന്ന്, തള്ളിപ്പറഞ്ഞാലും താങ്ങാവുന്ന ചങ്കുറപ്പുമായി, പക്ഷേ അതിനിടയിൽ...

വാക്കുകൾ ആത്മാവിനുള്ളിൽ നിന്നുമാണോ ഉറവയെടുക്കുന്നത്?

ഹൃദയത്തിന്റെ ഭാഷ അല്പമൊക്കെ അറിഞ്ഞിരുവന്നുവെങ്കിലും പൊടുന്നനെ നിനച്ചിരിക്കാത്ത നേരത്ത് കേട്ടപ്പോൾ തരിച്ചിരുന്നു പോയി.

എത്രയോ വട്ടം കേൾക്കുവാൻ കൊതിച്ചതാണ്, പറയുവാനായി കരുതിവച്ച മറുപടി പക്ഷെ മറ്റൊന്നായിരുന്നു.

എബി, നമുക്കീ ബന്ധം ഇങ്ങനെ തന്നെ തുടർന്നാൽ പോരെ, മരിക്കുവോളം അതിനെന്തെങ്കിലും അർത്ഥം കല്പിക്കുകയാണെങ്കിൽ മാറ്റുകുറയും, മടുക്കും......

നിഗൂഢമായ ഒരു നൊമ്പരമായി ഇങ്ങനെ.....

ഒന്നും വേണ്ടി വന്നില്ല. അച്ഛന്റെ മരണം ഉത്തരവാദിത്വങ്ങൾ കച്ചിത്തുരുമ്പ് പോലെ കിട്ടിയ ജോലി. പിടിച്ചു നിൽക്കാനുള്ള തത്രപ്പാടിനിടയിൽ ഒന്നും ഓർത്തില്ല. പിരിഞ്ഞപ്പോഴാണ് നഷ്ടപ്പെട്ടതിനെക്കുറിച്ചുള്ള മൂല്യത്തെക്കുറിച്ചറിഞ്ഞത്. ഇടയിലാണ് കഴുത്തിലീ ചരട് വീണത്. ഇത് ജീവിതമാണ് എന്ന തിരിച്ചറിവിൽ കാത്തിരിക്കുവാൻ ഒരു വാക്കിന്റെ ഉറപ്പു പോലും ഇല്ലാത്ത, ശൂന്യതയിൽ ഒന്നും മറുത്തു പറഞ്ഞില്ല. അത് മറ്റൊരു ദുരന്തത്തിന്റെ നാന്ദിയായി.

'പക്ഷെ ഞാൻ'

ഇടമുറിഞ്ഞ വാക്കുകളിൽ ഒരു വ്യർത്ഥ ജന്മത്തിന്റെ നിസ്സഹായത മുഴുക്കെ തെളിഞ്ഞിരിക്കണം.

ഏറെ കാലത്തിനു ശേഷം കണ്ടുമുട്ടുന്ന പൂർവ്വ പ്രണയികൾ, മോഹഭംഗങ്ങളയവിറക്കി നെടുവീർപ്പിടുന്ന പൈങ്കിളികഥയിലെ രംഗമാകുന്നുവോ? വിഷയം മാറ്റേണ്ടിയിരിക്കുന്നു.

'എബിയിപ്പോ വന്നത്....? "

'പേടിക്കേണ്ട, പ്രണയാഭ്യർത്ഥനയുമായൊന്നുമല്ല'

പഴയ കുസൃതിക്കാരൻ തിരിച്ചെത്തിയെന്ന് തോന്നി.

"ശരി, കാര്യം പറയാം ഞാനിപ്പോ ചെറിയൊരു പരിപാടിയുടെ തിരക്കിലാണ്, ഒരു പടം പിടിക്കാൻ പോകുന്നു. പാട്ടിന്റെ കാര്യം വന്നപ്പോൾ ഞാൻ നിങ്ങളെയോർത്തുവീട്ടിൽ പോയിരുന്നു. അവിടുന്നാണീ ആശ്രമത്തിന്റെ വിവരം കിട്ടിയത്. എന്തേ അനുവിനത് ചെയ്തുകൂടെ..?"

ഊഷരമായ മനസ്സിലെങ്ങനെ കവിത വിരിയാൻ?

ഉറവകളെല്ലാം വറ്റിയിട്ടേറെക്കഴിഞ്ഞിരിക്കുന്നു. വരണ്ടുണങ്ങിനിൽക്കുന്ന നിള പണ്ട്, പ്രിയമേറിയൊരു ബിംബമായിരുന്നു. അതുപോലയിരിക്കുന്നു ഇന്നെന്റെ ജീവിതവും നിസ്സംഗതയോടെ അകന്നു നിന്ന് ഞാനിന്നെല്ലാം കേൾക്കാതെ കേൾക്കുന്നു. കാണാതെ കാണുന്നു. കാമ്പസിനുള്ളിൽ അറിയപ്പെടുന്ന കവയത്രിയായിരുന്ന കാലമുണ്ടായിരുന്നുവെന്നറിഞ്ഞത് നന്ദിത പോലും അത്ഭുതപ്പെട്ടു പോകും.

"ഞാനോ, ഇനിയൊന്നിനും വയ്യ: എല്ലാം നിർത്തി..."

നിന്നുപോയി എന്നു പറയുന്നതാവും എറെ ശരി.

മറുപടി പ്രതീക്ഷിച്ചിരുന്നുവോ?

"ഞാൻ നിർബ്ബന്ധിക്കുന്നില്ല. എല്ലാം നിങ്ങളുടെ ഇഷ്ടം...'

ഒന്നിനും ഒരിക്കലും നിർബ്ബന്ധിച്ചിരുന്നില്ല. ഹിതകര മല്ലെന്നറിഞ്ഞാൽ വിട്ടുമാറുകയായിരുന്നു പതിവ് എന്നും കരുതലോടെയാണ് ഇടപഴകിയിരുന്നതെങ്കിലും എങ്ങ നെയോ പടരുവാൻ തുടങ്ങിയ ഒരു കാമ്പസ്റൂമർ ഓർമ്മ യിലെത്തി. ഉള്ളാലെ സന്തോഷിച്ചുവെങ്കിലും, പുറമേ പരി ഭവിച്ചപ്പോൾ വിട്ടു നിന്നു, കുറെക്കാലം. ഞാനായി ഒരു പേരുദോഷം കേൾപ്പിക്കേണ്ടല്ലോ എന്ന് പറഞ്ഞ് അകന്നു നിന്നപ്പോഴാണ് എത്രയേറെ അടുത്തുപോയിരിക്കുന്ന് തിരിച്ചറിഞ്ഞത് അവാച്യമായ എന്തോ ഒരപൂർണ്ണത. ഒന്നി നുമാവാതെ എന്തിനിങ്ങനെ പൊസ്സസ്സീവ് ആകുന്നു? ആത്മനിന്ദ തോന്നിയ നാളുകൾ.

നുരപൊന്തുന്ന അസ്വാസ്ഥ്യം അകത്തടക്കുവാൻ ഏറെ പാടുപെട്ടു.

"താമസമൊക്കെ?"

'റസ്റ്റ്ഹൗസിൽ റൂമെടുത്തിട്ടുണ്ട്. വൈകിയില്ലേ, ഞാൻ ഇറങ്ങാൻ നോക്കട്ടെ"

ആതിഥ്യം ഒരു കപ്പ് കാപ്പിയിലൊതുക്കിയിരിക്കുക യാണല്ലേ. എന്നോർത്തപ്പോൾ ലജ്ജ തോന്നി. കൂടുമെന്ന് കരുതിയല്ല ചോദിച്ചത്.

'കഞ്ഞിയാണെനിക്ക് രാത്രി, അല്പം....'

'എങ്ങനെയറിഞ്ഞു ഇത്ര കൃത്യമായി എന്റെ ടേയ്സ്റ്റ്...?



ആളെ വച്ച് നോക്കുമ്പോ പ്രതീക്ഷി ക്കേണ്ട മറുപടിയായിരുന്നു വെന്നോർത്തപ്പോൾ ചോദി ക്കേണ്ടായിരുന്നു എന്ന് തോന്നിപ്പോയി.

കഞ്ഞിയും പയറും ആർത്തിയോടെ കഴിക്കുന്നത് നോക്കിനിൽക്കവേ ഉള്ള നിറയുന്നു. ഇതുമൊരു നിയോഗമാവാം. ഡയറി ത്താളിൽ നാളും പക്കവും നോക്കി എന്തോ കുറിച്ചുവച്ചത്. ഇവിടെ യൊരു സങ്കല്പചിത്രം പൂർണ്ണമാവുന്നു.

എനിക്കിതൊക്കെ മതി....

എന്നും അങ്ങനെ മാത്രമേ ചിന്തിച്ചിട്ടുള്ളു.

സാഫല്യ മണിയാത്ത നിഗൂഢ പ്രണയത്തിന് ചരമ ഗീതം മുഴങ്ങിയ പ്പോഴും സീമന്ത രേഖ മായ്ച്ചുകളഞ്ഞ ആ തണു ത്തുറഞ്ഞ പ്രഭാതത്തിന്റെ മരവിപ്പിനിടയിലും ആശ്വ സിച്ചിരുന്നത് ഇതൊന്നു മാത്രം ഓർത്തതു കൊണ്ടാ യിരുന്നു

എന്നെന്നും ഓർമ്മിക്കുവാൻ ഒത്തിരി മയിൽപ്പീലി ത്തുണ്ടുകൾ, അതെങ്കിലുമുണ്ടെല്ലോ....

എനിക്കിത്രയൊക്കെ മതി ധാരാളം.....

"വയർ വല്ലാതെ നിറഞ്ഞു ഒരാനയെത്തിന്നാനുള്ള വിശപ്പുണ്ടായിരുന്നു. അനുവിന് വല്ലതും ഉണ്ടാവുമോ ആവോ ഒന്നും ഓർത്തില്ല...?

എനിക്കെപ്പോഴേ നിറഞ്ഞിരിക്കുന്നു എന്തിനി മറ്റൊരത്താഴം...?

ടവ്വൽ നീട്ടിയപ്പോൾ വിരൽത്തുമ്പുകളിലൂടെ കാന്തിക പ്രവാഹം കടന്നുപോയതായി വെറുതെ തോന്നിയതായിരിക്കാം...

ഈ മായ ഇനിയെത്ര മാത്രകൾ കൂടി.....?

"....അനൂ......"

സ്വരം ഏറെ ആർദ്രമായിരിക്കുന്നു ആത്മാവിൽ തട്ടി അതൊരായിരം തവണ പ്രതിദ്ധ്വനിക്കുന്നു.

"അനൂ തെറ്റാണെങ്കിൽ പൊറുക്കുക മുൻകൂട്ടി ഉറപ്പിച്ചിരുന്നതല്ലെങ്കിലും എനിക്ക് ചോദിക്കാതിരിക്കാനാവുന്നില്ല."

തെല്ല് നിർത്തി

"അയാം സ്റ്റിൽ എ ബാച്ച്ലർ, ഇനിയേതായാലും ഇങ്ങനെ വിരോധമില്ലെങ്കിൽ നമുക്ക് നമുക്കൊരുമിച്ച ജീവിച്ചുകൂടേ ....?

ഈശ്വരാ....

"തിരക്കിട്ടൊന്നും പറയേണ്ട, സാവധാനം...."

ആലോചിക്കുവനൊന്നും ഉണ്ടായിരുന്നില്ല. നിഷേധാർത്ഥത്തിൽ തലയാട്ടുമ്പോൾ. അണപൊട്ടി ഒരരുവിയൊഴുകുന്നുണ്ടായിരുന്നു ഉള്ളിൽ. കണ്ണുകൾ നിറഞ്ഞു പോവല്ലേ എന്നു മാത്രമായിരുന്നു പ്രാർത്ഥന

"വേണ്ട, ഇനിയിപ്പോഴോ, വയ്യ"

ഇടർച്ചയാൽ വാക്കുകൾ പാതിവഴിയിൽ മുറിയുന്നു.

"സാരമില്ല, ഞാനൊന്നും ചോദിച്ചില്ലെന്ന് കരുതിയേക്കൂ......"

ഇനിയും തങ്ങുന്നത് ഉചിതമല്ലെന്ന് കരുതിയിരിക്കണം.

"ശരി, ഞാനിറങ്ങുന്നു, ഇതുപോലെ എന്നെങ്കിലും ഇനിയും കാണാം യോഗമുണ്ടെങ്കിൽ..........?

"എന്നെന്നും ഓർമ്മിക്കാനായി സമ്മാനിച്ച ഈയൊരു സായാഹ്നത്തിനും അത്താഴത്തിനും നന്ദി..."

പറയുവാനുള്ളതന്തൊക്കെയോ പറഞ്ഞില്ലെന്നും അറിയുവാനുള്ളതെന്തൊക്കെയോ ചോദിച്ചില്ലെന്നും അപ്പോൾ മാത്രമാണോർത്തത്.

എന്നും അങ്ങനെ തന്നയായിരുന്നുവല്ലോ. അനുസൂയ, എല്ലാ കഴിയുമ്പോൾ ശൂന്യത മാത്രവും ബാക്കിയായി.

പടികളിറങ്ങുമ്പോൾ തിരിഞ്ഞു നിന്ന് പെട്ടെന്നോർത്ത പോലെ ഒരു കൊച്ചു കാർഡെടുത്തു നീട്ടി.

"മറിച്ചൊരു അഭിപ്രായമുണ്ടാവുകയാണെങ്കിൽ അറിയിക്കുക..... അധികം വൈകരുതെന്ന് മാത്രം."

തെല്ലുനേരം അപരാധിയെപ്പോലെ തല കുനിച്ചു നിൽക്കുന്നു. അരുതാത്തതെന്തോ പറയുന്ന മാതിരി അല്പം വാക്കുകൾ തെന്നിത്തെറിച്ചു പുറത്തു വീണു.

"എനിക്കേതായാലും ഒരു തുണയില്ലാതെ വയ്യ...."

"ശരി കാണാം..."

ധനുമാസ നിലാവിൽ കുളിച്ചു നിൽക്കുന്ന തണുത്തുറഞ്ഞ രാത്രിയിൽ, ഒരു കാണാക്കിനാവെന്ന പോലെ അകന്നുപോകുന്ന രൂപം മഞ്ഞു മറയ്ക്കുന്നതിനു മുമ്പേ ഒരിക്കലെങ്കിലും തിരിഞ്ഞുനോക്കുമെന്ന് വെറുതെ ആശിച്ചു.

കണ്ണെത്താ ദൂരത്തെത്തിയപ്പോൾ കതകടച്ച് കിടക്കയിൽ ചെന്നു വീണ് മുകം വിതുമ്പി.

എനിക്കിത്രയൊക്കെ മതി

കഴിഞ്ഞതെല്ലാം വെറുമൊരു സ്വപ്നം മാത്രമയാരുന്നുവോ എന്ന സംശയം അപ്പോഴും ഉള്ളിൽ ശേഷിച്ചിരുന്നു.

കൈവെള്ളയിൽ നുള്ളിനോക്കി, നോവുന്നുണ്ട്. ഇത് നേര് തന്നെയായിരുന്നുവോ?

മൂടൽ മഞ്ഞിലൂടെ മാഞ്ഞ് പോകുന്ന ഒരു രൂപം മനസ്സിൽ നിന്ന് മായ്ക്കാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടു ഞാൻ ഉറക്കം കാത്തുകിടന്നു.

അകലെ ആതിരാ നിലാവിന്റെ ധാരാളിത്തതിൽ, ഇരുട്ടിന്റെ സ്വച്ഛന്ദതയിൽ നേർത്ത പാട്ടിന്റെ ഈണത്തിനൊപ്പം ദശപുഷ്പം ചൂടിയ സുമംഗലികൾ ചോടുകൾ വയ്ക്കുന്നുവോ എനിക്ക് കണ്ടാനന്ദിക്കുവാൻ വേണ്ടി മാത്രയായി....?

ഇതെനിക്ക് ഒരു നീർനിദ്രരാത്രി, ഇവിടെ ഉണർന്നു കിടന്നുകൊണ്ടുതന്നെ ഞാനും തിരുവാതിര നോറ്റുകൊള്ളട്ടെ. പതിനൊന്നും സംവത്സരങ്ങൾക്കിപ്പുറം വീണ്ടും....!

പുറത്ത് അപ്പോഴും മഞ്ഞ് പെയ്തുകൊണ്ടിരിക്കുകയായിരുന്നു.....!!

●

# ഓർമകളിൽ ഒരു നിലാക്കീറ്

രാധിക കെ.

'അരുത് ശാന്തി വീഴും. താഴെ ആഴം കാണാക്കയമാണ്. അരുത്", 'ഇല്ല, ഞാൻ വീഴില്ലച്ഛാ, അച്ഛൻ എന്റെ കൈയൊന്നു പിടിക്കുമോ? ഞാൻ ചാടാം.' ശാന്തി ഒരു ഭാരമില്ലാത്ത വസ്തുപോലെ പാറക്കെട്ടിൽ നിന്നും എടുത്തു ചാടി. അവളെ താങ്ങുവാൻ അച്ഛന്റെ കൈകൾ ഉണ്ടായിരുന്നു. "അയ്യോ എന്റെ ചെരുപ്പ് വെള്ളത്തിൽ പോയി സുധിയേട്ടാ', അവൾ വിഷമത്തോടെ പൊള്ളുന്ന പാറക്കെട്ടിൽ ഒറ്റക്കാലിൽ തപസ്സുചെയ്യുന്ന കൊറ്റിയെ പോലെ തുള്ളികൊണ്ട് നിന്നു. കുറെ നേരത്തേക്ക് ആകെ ബഹളം ആയിരുന്നു. ചെരിപ്പ് കിട്ടിയപ്പോഴേക്കും സമയം മധ്യാഹ്നത്തോട് അടുത്ത് കൊണ്ടിരുന്നു. ആ സംഘം വേഗം നടന്നു. അവർ പിന്തള്ളികൊണ്ടിരുന്ന പാറക്കെട്ടുകൾ അവരുടെ തിരിച്ച് വരവ് പ്രതീക്ഷിച്ചുവോ എന്തോ....

അവസാനം അവർ ആ മലമുകളിൽ എത്തി. ഭക്ഷണം കഴിക്കാനിരുന്ന ശാന്തി പെട്ടന്ന് വാശിപിടിച്ച കുഞ്ഞിനെപോലെ അസ്വസ്ഥയായി. 'എന്താ ശാന്തീ ഭക്ഷണം കഴിക്കാത്തത്?". 'ഒന്നുല്ല്യച്ഛാ, എനിക്ക്...." "എനിക്ക്"? 'എനിക്ക് ഭക്ഷണം വായിൽ വച്ചുതരണം' അവൾ ശാഠ്യം പിടിച്ചു. "നീയെന്താ കൊച്ചുകുട്ട്യാ? പെൺകുട്ട്യോളായാല് കുറച്ചൊക്കെ അടക്കം വേണംട്ടോ"? വിഷാദത്തോടെ ശാന്തിഭക്ഷണത്തിൽ വിരലിട്ടിളക്കികൊണ്ടിരുന്നു. "ഉം. നിന്റെ കുറുമ്പ് കൂടുന്നുണ്ട്. വാ ഇവിടെ ഞാൻ വായിൽ വച്ചുതരാം.' കാർമേഘം നീങ്ങിയ സൂര്യനെ പോലെ ശാന്തി ചിരിച്ചു. പെട്ടന്നാണ് അവളുടെ ശ്രദ്ധ ഉയർന്നു നില്ക്കുന്ന പാറയിൽ പതിഞ്ഞത്. പച്ച പശ്ചാത്തലത്തിൽ ആ പാറമുകളിൽ ഒറ്റപ്പെട്ട നില്ക്കുന്ന ഒരു



ണങ്ങിയ മരം. വല്ലാതെ വേദനിച്ചിട്ടെന്നോണം ശാന്തി മുഖം ചുളിച്ചു. അവൾ ഭക്ഷണം മതിയാക്കി എഴുന്നേറ്റു. "ഈ കുട്ടിയ്ക്ക് ഇത് എന്താ പറ്റിയത്? ഒരു മാതിരി തലയ്ക്കു സുഖമില്ലാത്തതു പോലെ ഉണ്ട്" ആ സംഘം വീണ്ടും നടന്നു. ഇടയ്ക്ക് ഒരു അരുവി മുറിച്ച് കടക്കാനുണ്ടായിരുന്നു. പലരും വെള്ളത്തിന്റെ ആഴമറിയാത്തതു കൊണ്ട് മുറിച്ച് കടക്കാൻ ശ്രമിച്ചപ്പോൾ അരവരെ വെള്ളത്തിൽ മുങ്ങി. എങ്കിലും അവൾ കൂടുതൽ ഉത്സാഹത്തോടെ തങ്ങളുടെ യാത്ര തുടർന്നു. മനോഹരമായ വെള്ളച്ചാട്ടം ആയിരുന്നു അവരുടെ ലക്ഷ്യസ്ഥാനം. "നമ്മുടെ മനസ്സിലെ കറകൾ മുഴുവൻ മാഞ്ഞ് ഇത് പോലെ നിർമ്മലമാവുമോ അച്ഛാ? ഈ വെള്ളച്ചാട്ടത്തിന്റെ ശുഭ്രനിറം പോലെ നമ്മുടെ മനസ്സും സ്വച്ഛമായിരുന്നെങ്കിൽ...? ആരോടെന്നില്ലാതെ ശാന്തി പറഞ്ഞു. സമയം സായാഹ്നമായി. എല്ലാവരും മടങ്ങുവാൻ തുടങ്ങി. മടക്ക യാത്രയ്ക്കിടയിൽ എല്ലാവരും നിശബ്ദരായിരുന്നു. ആ കരിമ്പാറക്കെട്ടുകളോടും കാട്ടാറിനോടും അവർ മൂകമായി യാത്ര ചോദിച്ചു. ജീപ്പിൽ നിശ്ശബ്ദത തളംകെട്ടി നിന്നു. ക്രമേണ രാത്രി തന്റെ കരിമ്പടം വിരിച്ചു. പകൽ മുഴുവൻ ആർത്തുകളിച്ചിരുന്ന ശാന്തി അബോധാവസ്ഥയിലെന്നോണം വിദൂരതയിലേക്ക് മിഴിനട്ട് ഇരുന്നു. താന്താങ്ങളുടെ താവളത്തിലെത്താറായപ്പോൾ ഓരോരുത്തരും ഇറങ്ങാൻ തുടങ്ങി. ഇനി ശാന്തി മാത്രം. "ശാന്തിയ്ക്ക് എവിടെയാ ഇറങ്ങേണ്ടത്? ചോദിച്ചത് കേട്ടില്ലേ?" "എനിക്ക് സെന്റ് വിൻസന്റ് ഓർഫനേജിൽ ആണ് എത്തേണ്ടത്" മരവിച്ച സ്വരത്തിൽ ശാന്തി പറഞ്ഞു. രാത്രി ആ മറുപടികേട്ട് നടുങ്ങി നിന്നു. "ശാന്തീ"..... അപ്പോഴേക്കും ഓർഫനേജിൽ എത്തി "അച്ഛന് സ്നേഹപൂർവ്വം" ശാന്തി ആ കൈകളിൽ മുത്തി. "കൂടില്ലാക്കിളികളുടെ താവളം ഇതാണ്". കിലുകിലെ ചിരിച്ചുകൊണ്ട് അവൾ ഓടിയകന്നു. ഗേറ്റു കടന്ന് അവൾ ഒരു നിഴലായി മാഞ്ഞു പോകുന്നതുവരെ ഞാൻ നോക്കി നിന്നു. "എന്റെ അധ്യാപക ജീവിതത്തിലെ ആദ്യത്തെ അനുഭവമായിരുന്നു." ഹരികുമാർ മന്ത്രിച്ചു. കുട്ടികളുമൊത്തുള്ള ഒരു വിനോദയാത്ര, കൂട്ടത്തിലൊരു പെൺകുട്ടിയുടെ വിചിത്രമായ പെരുമാറ്റം എല്ലാ തന്നെ എന്നെ വിഷമിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ അവൾ ഒരു അനാഥ ആയിരുന്നു എന്ന് ഒരിക്കൽപോലും ഞാൻ കരുതിയില്ല.

പത്രത്താളിലെ ചിരിക്കുന്ന ശാന്തിയുടെ മുഖം കൂടുതൽ മിഴിവാർന്നതു പോലെ ഹരികുമാറിന് തോന്നി. പരേതാത്മാവിന് നിത്യശാന്തി നേർന്നു കൊണ്ട് അന്തേവാസികൾ. പത്രത്തിലെ ആ വരികൾ വായിച്ചു ഹരികുമാറിന് തന്റെ ഹൃദയം പിളരുന്നത് പോലെ തോന്നി. "അച്ഛന് സ്നേഹപൂർവ്വം" പതിയെ കടന്നു വന്ന തെന്നൽ മന്ത്രിച്ചു. "മോളേ നിനക്ക് ശാന്തി"....

# തിരിച്ചു നടത്തം

**അൻവർ വാണിയമ്പലം**

**ഉ**ച്ചവെയിലിൽ നീണ്ടു കിടക്കുന്ന ചെമ്മൺ പാതയിൽ അയാൾ ബസിറങ്ങി. പൊടിപടലങ്ങൾ പോസ്റ്റ് മോഡേൺ ചിത്രത്തിന് ചായക്കൂട്ടുകളായി മാറുന്ന ഗ്രാമപാതയിൽ നിന്നും നടവരമ്പിലേക്കിറങ്ങി അയാൾ നടന്നു. കതിർ കുറ്റികളിലെ പുലർമഞ്ഞ് ഇപ്പോഴുമുണ്ട്. പഴയ മീൻ കൂവൽ താളം ബോധം ഒട്ടും നഷ്ടപ്പെടാതെ അകലെയെവിടെയോ നിന്നും ഒഴുകിയെത്തുന്നു.

നനഞ്ഞ വരമ്പിലൂടെ മെല്ലെ നടക്കവെ അയാൾ അത്ഭുതപ്പെടുകയായിരുന്നു. നീണ്ട ഇരുപത് വർഷങ്ങൾ ഈ ഗ്രാമത്തിന്റെ പടിപ്പുറത്തുകൂടെ മാത്രമേ കടന്നു പോയിട്ടുള്ളൂ. പരിഷ്കാരങ്ങൾ ഇന്നും ഈ ഗ്രാമീണ ശാലീനതയിൽ കറ വീഴ്ത്തിയിട്ടില്ല. അപരാഹ്നത്തിലെ ഈ ഇളം കാറ്റിൽ ഇനിയും കോടാലി വീണിട്ടില്ലാത്ത മുളങ്കാടുകളുടെ മർമരം. പഴയ കപ്പയുടെയും കഞ്ഞിയുടെയും സ്വാദ് ഇന്നും ഗ്രാമത്തിന്റെ ഇഷ്ടം തന്നെ. കൊയ്ത്തുകഴിഞ്ഞ വിശാലമായ വയലുകൾ അയാളിൽ ഓർമ്മകളുടെ മേളം മുഴക്കി. വികാരങ്ങളുടെ സമ്മിശ്ര പ്രകടനങ്ങൾക്കിടയിലും അയാളുടെ മനസ്സ് ബാല്യത്തിന്റെ അരുതായ്മകളിലെ ഉപ്പുരസം തിരയുകയായിരുന്നു. എല്ലാം ഓർമിപ്പിക്കാൻ ഇതാ നീണ്ട നടവരമ്പുകളും ഇനിയും ടാർപുരണ്ടിട്ടില്ലാത്ത ഗ്രാമപാതയും പായൽക്കുളവും മറ്റും....

ഇങ്ങിനെയൊരു തിരിച്ചു വരവ് ജീവിതത്തിലുണ്ടാകുമെന്ന് വിചാരിച്ചതല്ല. ഇരുപത് വർഷങ്ങൾക്കു മുൻപ് ഈ വഴികളിൽ അമർഷത്തോടെ ആഞ്ഞു ചവിട്ടി കടന്നു പോകുമ്പോൾ അതായിരുന്നല്ലോ തീരുമാനിച്ചുറച്ചതും. തിരിച്ചുവരാൻ മനസ് പലപ്പോഴും ഉപദേശിച്ചിരുന്നതാണ്. ജീർണിച്ച നാലുകെട്ടിലെ ഏക മനുഷ്യജീവിയായി മുജ്ജന്മസുകൃതങ്ങളുടെ ഫലമാസ്വദിക്കുന്ന അമ്മയെ കാണാൻ അപ്പോഴും ആഗ്രഹമുണ്ടായിരുന്നില്ല. ഭ്രാന്തുമാത്രം നൽകുന്ന മഹാനഗരത്തിൽ നിന്നും ഗ്രാമ്യതയുടെ സ്വച്ഛതയിലേക്ക് തിരിഞ്ഞുനടക്കാൻ വേണ്ടിയുള്ള അഭിലാഷം മാത്രമായിരുന്നു അത്. അല്ലെങ്കിലും അമ്മ ജീവിച്ചിരിക്കുന്നു

എന്ന് വിശ്വസിക്കാൻ തന്നെ ഒരുക്കമായിരുന്നില്ലല്ലോ. അച്ഛന്റെ മരണശേഷം ബന്ധുക്കളെന്നു പറയാൻ മറ്റാരും ഉണ്ടായിരുന്നുമില്ല. കർക്കടത്തിലെ കോരിച്ചൊരിയുന്ന ഒരു മഴ രാത്രിയിൽ തന്നെ പുറത്താക്കി പടിയടച്ച് പിണ്ഡം വെച്ച ആ അമ്മാവനൊഴികെ. അവകാശം പറയാനൊന്നും ഒരുമ്പെട്ടില്ല. അല്ലെങ്കിലും ചില കണക്കുകൾക്കപ്പുറം എന്തവകാശം....! നൊന്തുപെറ്റ മകനല്ല. സ്വന്തം സഹോദരനാണ് എല്ലാം എന്നു വിശ്വസിച്ച ഒരു സ്ത്രീയുടെ വയറ്റിൽ പിറന്നതിലുള്ള അറപ്പായിരുന്നു അന്ന് മനസ്സിറയെ. മഴയും ചെളിയും പേക്കോലമാക്കിയ ശരീരം പുലർച്ചെ വണ്ടിയിലേക്ക് എടുത്തുവെക്കുമ്പോൾ മുമ്പിൽ അഭയ സ്ഥാനത്തെക്കുറിച്ച് വിചാരമുണ്ടായിരുന്നില്ല. നക്ഷത്രങ്ങൾ കൺചിമ്മിയുണരുന്ന ഈ വിശുദ്ധ ഭൂവിൽ നിന്ന് കന്യകാത്വം നഷ്ടപ്പെട്ട മഹാനരകത്തിലേക്കാണ് യാത്രായകുന്നത് എന്ന് നിനച്ചിരുന്നില്ല.

എതിരെ വരുന്നവർക്ക് വഴിമാറിക്കൊടുക്കാൻ ശ്രമിച്ചു. എല്ലാവരും സ്വയം വഴിമാറുകയാണ്. ഇരുപത് വർഷത്തെ നഗരജീവിതം ശരീരത്തിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. പലരും തിരിച്ചറിയുന്നില്ല. ചിലർ സൂക്ഷിച്ച് നോക്കുന്നു. ചിരിക്കാൻ ശ്രമിക്കുന്നു. ഇവിടെയിപ്പോഴും നൻമകൾക്ക് നിർവചന ഭേദങ്ങളില്ല. പാരമ്പര്യം പൊട്ടാത്ത പൂണൂലായി തലമുറകളിലേക്കി കൂടിയേറുക മാത്രം.

ഉച്ചവെയിൽ തിളക്കുകയാണ് നോക്കെത്താദൂരം പരന്നുകിടക്കുന്ന വയലുകൾ. വയലുകൾക്ക് നടുവിലെ തെങ്ങിൻ പൂവട്ടിൽ ഉച്ചക്കഞ്ഞിയുടെ മയക്കമാറ്റുന്ന ഗ്രാമീണർ. എല്ലാം കൺനിറയെ കണ്ട് അയാൾ മെല്ലെ നടന്നു. ഇരുപത് വർഷത്തിനുശേഷവും വഴിതെറ്റാതെ ഇങ്ങനെ നടക്കാനാവുന്നതിൽ അയാൾ സന്തോഷിക്കുകയായിരുന്നു. വിശപ്പടങ്ങാത്ത ഏതോ കാക്കകൾ മാത്രം ഇലപോയ ചില്ലകളിലിരുന്ന് വെറുതെ കരഞ്ഞുകൊണ്ടിരുന്നു.

കഴിഞ്ഞ ആഴ്ചയാണ് ആ മുഷിഞ്ഞ കാർഡ് ജീർണിച്ച ഫ്ളാറ്റിലെ ഇരുട്ടുമുറിയിലേക്ക് കയറി വന്നത്. അക്ഷരങ്ങൾ മാഞ്ഞു തുടങ്ങിയിരുന്നു. വിലാസത്തിലെ അവ്യക്തത കാരണം ഒരു പാടു കൈകളിലൂടെ മാറി മാറി. വായിച്ചു തുടങ്ങിയപ്പോഴാണ് താൻ മാതൃഭാഷ മറന്നിരിക്കുന്നു എന്ന് അയാൾ അറിഞ്ഞത്. തൊണ്ടയിൽ മുലപ്പാലിന്റെ ഇളം ചൂട്. വായിക്കുന്തോറും ഓർമകൾ പിന്നിലേക്ക് കൊളുത്തിവലിച്ചുകൊണ്ടിരുന്നു. മനസ്സിൽ യക്ഷിക്കാവും തീണ്ടാരിക്കുളവും മിന്നിമറഞ്ഞു. മൂളിമറന്ന ഈരടികളിൽ നന്തുണിപ്പാട്ട് താളമിട്ടു. വിയർപ്പുതുള്ളികൾ ഈറനുടുത്ത നെറ്റിത്തടത്തിൽ മഞ്ഞൾ പ്രസാദം വരകുറികുറിച്ചു.

അമ്മയുടേതായിരുന്നു എഴുത്ത്. ആരെക്കൊണ്ടോ എഴുതിച്ചതാണ്. അമ്മയ്ക്ക് അക്ഷരമറിയില്ലായിരുന്നു. യുക്തിബോധമില്ലാത്ത ഗണികനെപ്പോലെ കാലം മേൽക്കുമേൽ ശരവർഷം നടത്തിയപ്പോൾ അമ്മ ജീവിതത്തിന്റെ തന്നെ ആദ്യാക്ഷരങ്ങൾ മറക്കുകയായിരുന്നല്ലോ.

ഇരുപത് വർഷത്തിനുശേഷം അമ്മയ്ക്ക് തന്റെ വിലാസം കിട്ടി എന്നു സമാശ്വസിക്കാം. നാടുവിട്ടുപോയ ഏക മകൻ എവിടെയാണെന്നറിഞ്ഞിട്ടും ഒരമ്മ ഇരുപത് വർഷം ഒട്ടും വേവലാതിപ്പെട്ടില്ല എന്ന അസുഖകരമായ ചിന്ത അങ്ങിനെ മാറ്റിവെക്കാം. കത്ത് കയ്യിൽ കിട്ടിയപ്പോൾ ആദ്യം തോന്നിയത് അമർഷമായിരുന്നു; കാണാനാഗ്രഹിക്കാത്തവർ തന്നെ കണ്ടുപിടിച്ചതിലുള്ള അമർഷം. മേൽ വിലാസമില്ലാതെ ജീവിക്കാനാണ് എപ്പോഴും ആഗ്രഹിച്ചത്. എന്നിട്ടുമിപ്പോൾ......

സംഘർഷങ്ങൾക്ക് മനസ് ഇടം നൽകിയില്ല. ഏതാനും വർഷം മുമ്പായിരുന്നെങ്കിൽ താൻ ആ കത്ത് നിഷ്പ്രയാസം കീറിയെറിഞ്ഞ് നിസ്സംഗനായി നടന്നു പോകുമായിരുന്നല്ലോ എന്നയാൾ ഓർത്തു. ഇപ്പോൾ അതിന് കഴിയില്ല. വികാരം ചിന്തകൾക്ക് കടിഞ്ഞാണിടുകയായിരുന്നു. ടിക്കറ്റ് റിസർവ് ചെയ്യാൻ റെയിൽവേ സ്റ്റേഷനിലേക്ക് നടന്നപ്പോഴും ആകെയുള്ള രണ്ടോ മൂന്നോ വസ്ത്രങ്ങൾ ഇസ്തിരിയിട്ട് അടുക്കി വെക്കുമ്പോഴുമെല്ലാം.. സ്വപ്നസാക്ഷാത്കാരത്തിന്റെ ടിക്കറ്റ് കീശയിലിട്ടപ്പോൾ താൻ തിരിച്ചുപോവാൻ തീരുമാനിച്ചിരിക്കുന്നല്ലോ എന്ന് അയാൾ അത്ഭുതപ്പെട്ടു.





ഫാക്ടറിയിലെ പുകപടലങ്ങൾക്കിടയിൽ അയാൾക്കു കൂട്ടിന് ഇല്ലത്തിലെ തെളിനീർക്കുളമുണ്ടായിരുന്നു. ഞെട്ടിയുണരുന്ന നഗരമയക്കങ്ങളിലെ പാതിസ്വപ്നങ്ങളിൽ തെച്ചിയും തെന്നലുമുണ്ടായിരുന്നു. നാലുകെട്ടിലെ കുളക്കടവും ഇരുണ്ട പാറക്കല്ലുകളിൽ പറ്റിപ്പിടിച്ചുറങ്ങുന്ന കല്ലാരി മീനും നീർക്കോലികളുമുണ്ടായിരുന്നു. ആമ്പലും വിഷം തൊടാതെ കായ്ക്കറികളുമുണ്ടായിരുന്നു. എന്നാൽ ഒരു മുഖം പോലും ഒരിക്കലും മനച്ചിത്രങ്ങളിൽ തെളിഞ്ഞില്ല. വിശേഷിച്ചും അമ്മയുടെ.

നടവരമ്പിൽ നിന്നും അയാൾ തൊടിയിലേക്കു കയറി. വിശാലമായ പറമ്പ് അന്യാധീനപ്പെട്ടിട്ടില്ല. നോക്കാനാളില്ലാതെ കാടുവളർന്നിരിക്കുന്നു. ഇല്ലം മനുഷ്യവാസത്തിന്റെ തെളിവുകളൊന്നും തന്നില്ല. അമ്മ ഉണ്ടായിരിക്കാം. അച്ഛന്റെ ആത്മാവുറങ്ങുന്ന ഈ ഇല്ലം വിട്ട് അമ്മ എവിടെ പോകാനാണ്.

പറമ്പിന്റെ മൂലയിൽ സർപ്പക്കാവ്. കാരണവൻമാർ നാഗങ്ങളായി പുനർജനിച്ച ആ പുതിയ കാട് ഇപ്പോഴായിരിക്കും ശരിക്കും സർപ്പക്കാവായിരിക്കുന്നത്. തറ പൊളിഞ്ഞ ആൽമരം ചായ്പിനുമേൽ വീഴാൻ കാത്തുനിൽക്കുന്നു.

സർപ്പക്കാവിനപ്പുറം കുളമാണ്. ഉരുളൻ കല്ലുകൾ പടുത്തുകെട്ടിയ വിശാലമായ കുളം. കുളവും ഇല്ലവും ചുറ്റിപ്പറ്റി എത്ര കഥകളാണ് ഗ്രാമത്തിൽ ജീവിക്കുന്നത്. ആഴമേറിയ കുളം ഗ്രാമവാസികൾക്ക് എന്നും നിഗൂഢമായ ഒരു പേടിസ്വപ്നമായിരുന്നു. ഓരോ വർഷവും ഒരാളെയെങ്കിലും അവൾ തന്നിലൊതുക്കാതിരുന്നിട്ടില്ല. എന്നിട്ടും പുണ്യസ്നാനം ചെയ്യാൻ ഗ്രാമീണർ ഈ ജലം തന്നെ തേടി വന്നു. ഇല്ലക്കുളം ജീവനെടുത്താൽ സ്വർഗപ്രാപ്തി ഉറപ്പാണെന്ന് ഗ്രാമത്തിന്റെ വിശ്വാസം. ഇപ്പോൾ ഈ ഇരുപത് വർഷത്തിനു ശേഷം കുളക്കരയിൽ കുറ്റിച്ചെടികൾ വളർന്നിരിക്കുന്നു. പുതിയ തലമുറയുടെ വിശ്വാസഭേദങ്ങൾ ഇല്ലക്കുളത്തിന്റെ പ്രൗഢിയെ അവഗണിച്ചിരിക്കാം. അല്ലെങ്കിൽ, ജീർണിച്ച ഈ നാലുകെട്ടിലെ ഏകാത്മാവിന്റെ വിലാപങ്ങൾ അവരെ അകറ്റിയിരിക്കാം.

മുറ്റത്തേക്കുള്ള ചവിട്ടുവഴിയിലൂടെ അയാൾ പാതി നടന്നു. തകർന്നു വീഴാറായ പൂമുഖവും തെക്കിനിയും. മുറ്റം കാടുനിറഞ്ഞിരിക്കുന്നു. വാതിലുകൾ അടഞ്ഞു തന്നെ കിടക്കുന്നെങ്കിലും ജനലുകൾ തുറന്നിട്ടിരിക്കുന്നു. ക്രമം തെറ്റിയ മൂലോടുകളിൽ വിദ്വേഷവും പതിത്വവും ഇണചേർന്ന പാടുകൾ.

അയാൾ ഇല്ലത്തേക്കു കയറിയില്ല. പുറത്താരെയും കാണുന്നുമില്ല. ഉള്ളിലെ ഏതോ മുറിയിൽ നിന്നും ഒരു ഞരക്കം; പണിപ്പെട്ട് ശബ്ദമുയർത്തി ഒരു വിളി.

"ആരാ.....?"

കാൽപെരുമാറ്റം ഏതേ വൃദ്ധഹൃദയത്തിന്റെ രക്തത്തിൽ ചെന്നു പതിച്ചിരിക്കണം. അയാൾ വിളികേട്ടില്ല. തൂങ്ങിയ സഞ്ചി നേരെയാക്കി കുളക്കടവിലേക്ക് ചെന്നു. കുളക്കടവിൽ അയാൾ വെറുതെ നിന്നു. ഉരുളൻ കല്ലുകൾ പലതും അടർന്നു വീണിരിക്കുന്നു. പഴയ തെളിനീരിനു പകരം പായൽ തിങ്ങിയ ഇരുണ്ട ജലം. നോക്കുമ്പോൾ പേടിതോന്നിക്കുന്നു. ഉയർന്ന ഒരു കല്ലിൽ ശരീരത്തിന്റെ ഭാരമിറക്കി അയാൾ വെള്ളത്തിലേക്ക് നോക്കിയിരുന്നു.

നോക്കിനിൽക്കെ ഓർമകൾ സ്വബോധത്തെ മറച്ചു. ബാല്യകൗമാരങ്ങളിലെ പേടിസ്വപ്നങ്ങൾ കൂടുതൽ ഇരുണ്ട രൂപങ്ങളായി തെളിയുന്നു. വിഭ്രാത്മക കാഴ്ചകളിൽ തീപ്പന്തമുയർത്തി ഒരായിരം നാഗൻമാർ പാഞ്ഞടുക്കുന്നു. വെള്ളത്തിനടിയിൽ നിന്നും വലിയ കുമിളകൾ അയാളോളം ഉയർന്നു പൊങ്ങുന്നു. അറ്റമില്ലാത്ത ആഴങ്ങളിൽ സ്വയം നഷ്ടപ്പെടുകയാണോ? പുണ്യജൻമം തേടി ആഴ്ന്നാഴ്ന്നു പോയ ആത്മാവുകൾ വിളിക്കുകയാണോ? ആഴങ്ങളിലേക്ക്? സുകൃത ജൻമത്തിന്റെ കാലയവനികക്കപ്പുറത്തേക്ക്...?

"ആരാ? ഉണ്ണീ നീയാ? നീ വന്നോ?..."

തളർന്ന ശബ്ദം ഇല്ലത്തിലെ ഏതോ ഇരുട്ടുമുറിയിൽ നിന്നും പുറപ്പെട്ട് ജഡ പിടിച്ച നടുമുറ്റത്ത് വീണുടഞ്ഞുകൊണ്ടിരുന്നു.

ഭാരമുള്ള എന്തോ ഒന്ന് ഇല്ലക്കുളത്തിൽ വീഴുന്ന ശബ്ദം കേട്ട് ചായ്പിൽ പെറ്റുകിടന്ന ചാവാലിപ്പട്ടി ഉറക്കെ മോങ്ങി. ●